# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെഡി) പി19/1415/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെഡി) പി19/1415/23 തീയ്യതി: 16/10/2023

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-08-2022 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 25-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-08-2023 | 25-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.ബീന.എം.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.താരിഖ്,എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സന്ദീപൻ.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ. സത്യപാൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി കെ.സി പ്രേമലത | സെക്രട്ടറി | 01-04-2022 | 20-09-2022 |
| ശ്രീ വിജിൽ.വി.മോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-09-2022 | 02-10-2022 |
| ശ്രീമതി കെ.സി പ്രേമലത | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിജിൽ.വി.മോഹൻ | അസി. സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ കെ രാധാകൃഷ്ണൻ | അസി. സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി ടിന്റു എൻ. പി | അസി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബ.സി | വി.ഇ.ഒ I | 01-04-2022 | 03-08-2022 |
| ശ്രീമതി ഷൈനി എസ് | വി.ഇ.ഒ I | 04-08-2022 | 31-03-2023 |
| ശ്രീമതി താജുന്നീസ കെ ജെ | വി.ഇ.ഒ II | 01-04-2022 | 31-03-2023 |
| ഡോ. പ്രശാന്ത്. എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ലീനാ റാണി എ | മെഡിക്കൽ ഓഫീസർ FHC | 01-04-2022 | 31-03-2023 |
| ഡോ. ഹേമ എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ രവിചന്ദ്രൻ ആർ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 10-08-2022 |
| ഡോ രാംകുമാർ എസ് | വെറ്ററിനറി സർജ്ജൻ | 11-08-2022 | 31-03-2023 |
| ശ്രീ.സുദർശൻ എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിമി.എം.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.എൻ.ജി.വ്യാസ് | കൃഷി ഓഫീസർ | 01-04-2022 | 01-11-2022 |
| ശ്രീമതി.റീജ.എം.എസ് | കൃഷി ഓഫീസർ | 02-11-2022 | 06-02-2023 |
| ശ്രീ.ബിജോയ്.ബി.എസ് | കൃഷി ഓഫീസർ | 07-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല | 1-1-2 |
| 4 | ഡിമാന്റ് റജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ | 1-1-4 |
| 6 | അക്രൂവൽ സ്വഭാവമുള്ള ഇനങ്ങളുടെ ജേണൽ എൻട്രി യഥാസമയം നടത്തുന്നില്ല | 1-1-5 |
| 7 | ബാല**ൻ**സ് ഷീറ്റ് ഷെഡ്യൂളിൽ B-10 ൽ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | Joint Venture പദ്ധതികൾക്കായി ലഭ്യമായ തുകയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ബാങ്ക് അക്കൗണ്ടിൽ കാണാ**ൻ** സാധിക്കുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | 1-11 |
| 19 | വസ്തു നികുതി നിർണ്ണയം -അവലോകനം | 1-12 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-12-1 |
| 21 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12-2 |
| 22 | സഞ്ചയയിൽ ആശുപത്രി എന്ന ഉപയോഗക്രമത്തിൽ മുഴുവൻ കെട്ടിടങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല | 1-12-3 |
| 23 | നികുതിയേതര വരവുകൾ - അവലോകനം | 1-13 |

| | | |
|---|---|---|
| 24 | വാടക പിരിവ് കാര്യക്ഷമമാക്കണം | 1-13-1 |
| 25 | ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസ് തനത് ഫണ്ടിന് ബാധ്യത | 1-13-2 |
| 26 | വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-14 |
| 27 | തൊഴിൽ നികുതി - അവലോകനം | 1-15 |
| 28 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല | 1-16 |
| 29 | ഭാരതപ്പുഴ സംരക്ഷണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-17 |
| 30 | തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയിന്റനൻസ് നടത്തുന്നു | 1-18 |
| 31 | പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-19 |
| 32 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുടർ നിരീക്ഷണം നടത്തേണ്ടതാണ് | 1-20 |
| 33 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-21 |
| 34 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം | 1-22 |
| 35 | ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-23 |
| 36 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-24 |
| 37 | നെൽകൃഷി ഒഴികെയുള്ള കാർഷിക വിളകൾക്ക് പ്രോൽസാഹനം നൽകുന്നില്ല | 1-25 |
| 38 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 39 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 1-27 |
| 40 | ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ് | 1-28 |
| 41 | ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം | 1-29 |
| 42 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-30 |
| 43 | വൃദ്ധർക്ക് കട്ടിൽ- വാങ്ങിയ മുഴുവൻ കട്ടിലുകളും വിതരണം ചെയ്തില്ല | 1-30-1 |
| 44 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ അമൃതം ഫുഡ്സിന്റെ ബിൽ തുക അനുവദിച്ചു | 1-30-2 |
| 45 | ICDS കേന്ദ്ര ഫണ്ട് നിഷ്ക്രിയമായി തുടരുന്നു | 1-30-3 |
| 46 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 47 | പി.എം.എ.വൈ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-32 |

| | | |
|---|---|---|
| 48 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചില്ല | 1-33 |
| 49 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മാറ്റിയില്ല | 1-34 |
| 50 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-35 |
| 51 | ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തികളുടെ നവീകരണത്തിനായി മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി | 1-36 |
| 52 | സ്നേഹവീട്, ജിംനേഷ്യം എന്നിവയുടെ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ് | 1-37 |
| 53 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-38 |
| 54 | തേക്കിൻചിറ ചീളക്കാട് റോഡ് അരികു സംരക്ഷണം-എഗ്രിമെന്റ് ചമയ്ക്കൽ, സൈറ്റ് കൈമാറൽ- അപാകങ്ങൾ | 1-39 |
| 55 | ടാർ ബാരലുകളുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/27-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: - -2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.

### 1-1-3 ഡിമാന്റ് റജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

വിനോദ നികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, വാടക ഡിമാന്റ് റജിസ്റ്റർ എന്നിവയിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി ഒപ്പ് വെച്ച് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2420450.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13711744.00രൂപയാണ്. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-5 അക്രൂവൽ സ്വഭാവമുള്ള ഇനങ്ങളുടെ ജേണൽ എൻട്രി യഥാസമയം നടത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിൽ എൻട്രി ആവശ്യമായ ഇനങ്ങൾക്ക് യഥാസമയം ജേണൽ എൻട്രി നടത്തിയിട്ടില്ല.

ഉദാ: Property Tax Receivables പോലുള്ള ഇനങ്ങൾക്ക് യഥാസമയം ജേർണൽ എൻട്രി നടത്തിയിട്ടില്ല.

### 1-1-6 ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ B-10 ൽ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല

Sundry Debtors ആയി നികുതി തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ( B-10) ൽ ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 Joint Venture പദ്ധതികൾക്കായി ലഭ്യമായ തുകയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ബാങ്ക് അക്കൗണ്ടിൽ കാണാൻ സാധിക്കുന്നില്ല

Joint Venture പദ്ധതികൾക്കായി ലഭ്യമായ ബ്ലോക്ക് ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയറുകളിൽ ബാക്കിയുള്ള തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ B17 ഷെഡ്യൂളിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല.

### 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാനുൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 5101349 |
| തൻവർഷം വരവ് | 366067000 |
| ആകെ വരവ് | 371168349 |
| ചെലവ് | 369246000 |
| നീക്കിയിരിപ്പ് | 1922349 |

പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഭരണസമിതി അംഗീകരിച്ച തീരുമാന നമ്പർ ഹാജരാക്കിയില്ല.
പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15775234 |
| വരവ് | 48237283 |
| ആകെ | 64012517 |
| ചെലവ് | 45816833 |
| നീക്കിയിരിപ്പ് | 18195684 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്‌മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് (*) | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 22232360 | 22232360 | 22216255 | 16105 |
| വികസനഫണ്ട് -എസ്.സി.പി | 0 | 17123000 | 17123000 | 17119129 | 3871 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 702400 | 702400 | 585974 | 116426 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17369000 | 17369000 | 15134560 | 2234440 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8944000 | 8944000 | 6670847 | 2273153 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 1708961 | 4671285 (**) | 6380246 | 5418216 (***) | 962030 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 3594621 | 6695000 | 10289621 | 6105247 | 4184374 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 35287 | 35287 | 35287 (***) | 0 |
| CFC-Health Grant-Converion Of Rural PHC S | 0 | 187641 | 187641 | 94640 | 93001 |
| CFC-Health Grant-Diagnostic Infrastruction To PHCs | 0 | 325596 | 325596 | 133254 | 192342 |

(*) I6 ലേയും B3 യിലേയും തുകകളുടെ ആകെ തുകയാണ് ചെലവായി എടുത്തിട്ടുള്ളത്.

(**) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 4463000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 208285 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

(***) AFS ൽ I6+B3 തുക 5453503 രൂപയാണ്. ആയതിൽ CFC Tied Grant Spill Over തുകയായ 35287 രൂപ കൂടി ഉൾപ്പെടുന്നുണ്ട്. പട്ടികയിൽ രണ്ട് ചെലവും വേറിട്ടാണ് കാണിച്ചിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 941602 | 1815038 | 2756640 | 0 | 2756640 |
| സമ്പൂർണ്ണ ശുചിത്വം | 1107605 | 0 | 1107605 | 0 | 1107605 |
| Swatch Bharath Abhiyan | 0 | 924589 | 924589 | 924589 | 0 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11 | 485582 | 485593 | 483841 | 1752 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ വേതനം (*) | 0 | 30839081 | 30839081 | 30839081 | 0 |
| ആകെ | 11 | 31324663 | 31324674 | 31322922 | 1752 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 1871212 | 0 | 1871212 | 1232242 | 638970 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 143867241 | 150 | 91300157 | 0 | 25 | 86 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 35405600 | 13665066 | 39 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 612000 | 591994 | 97 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 1982305 | 1458997 | 74 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 325000 | 321000 | 99 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 466182 | 105382 | 23 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 7355000 | 5512115 | 75 |
| വി.ഇ.ഒ -1 | 7 | 6 | 21512000 | 14582000 | 68 |
| വി.ഇ.ഒ -2 | 9 | 7 | 10685734 | 8783800 | 67 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 782000 | 782000 | 100 |
| സെക്രട്ടറി | 45 | 35 | 17858191 | 13187759 | 74 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 85 | 73 | 42868985 | 30653769 | 72 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 3314244 | 956275 | 29 |
| ആകെ | 175 | 150 | 143867241 | 91300157 | 63.46 |

1-6 തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് | 11 | 485582 | 485593 | 483841 | 1752 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | | | | | |
| തൊഴിലാളികളുടെ വേതനം (*) | 0 | 30839081 | 30839081 | 30839081 | 0 |
| ആകെ | 11 | 31324663 | 31324674 | 31322922 | 1752 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 6454900 | 552 |
| 3 | വിധവാ പെൻഷൻ | 17467000 | 1599 |
| 4 | വാർദ്ധക്യകാല പെൻഷൻ | 23999500 | 2326 |
| 5 | വികലാംഗ പെൻഷൻ | 3587600 | 320 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1366400 | 122 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-8-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 21430/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി സ്വീകരിക്കുന്നതിൽ മാനദണ്ഡം പാലിച്ചിട്ടില്ല. വരവിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.
തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കാത്തതിനാൽ മെയ്ന്റനൻസ് നടത്തുന്നതിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.
ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണതയും നിലനിൽക്കുന്നുണ്ട്.
മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ തുകകൾ സമയബന്ധിതമായി തിരിച്ചടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ

ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

21-8-2006 മുതൽ 2-9-2006 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2005-06 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഇതിനുശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളെല്ലാം വിവിധ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് വിഭജിച്ചു നൽകിയിട്ടുണ്ട്. ഏത് വിഷയവും സൂക്ഷ്മമായും വിശദമായും ആദ്യം പരിശോധന നടത്തേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങളാണ് ഭരണസമിതി അംഗീകരിക്കേണ്ടത്.

പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ആണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയി പ്രവർത്തിക്കേണ്ടത്. സെക്ഷൻ 162എ പ്രകാരം അക്കൗണ്ടുകൾ, ബജറ്റ്, നികുതി, നികുതിയിന്മേലുള്ള അപ്പീൽ, പൊതുഭരണം, ഓഡിറ്റ്, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നീ വിഷയങ്ങളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകൾ എത്രത്തോളം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

### തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്ത് ഫണ്ടിന്റെ പ്രധാന ഘടകങ്ങളാണ് നികുതികൾ, ഫീസുകൾ, ഡ്യൂട്ടികൾ, കരങ്ങൾ, സർചാർജ്ജ്, വസ്തുവകകളിൽ നിന്നും സംരംഭങ്ങളിൽ നിന്നും ലഭിക്കുന്ന ആദായം എന്നിവ.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുവാനായി 2021-22, 2022-2023 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിക്കുകയുണ്ടായി.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗം

2000 ലെ കേരള പഞ്ചായത്ത്‌രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകളുടെ വിലയിരുത്തലുകൾ നടത്തുന്നുണ്ട് ബോധ്യപ്പെട്ടു. എന്നാൽ യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ വിവരം രേഖപ്പെടുത്തുന്നില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും

കഴിഞ്ഞ മൂന്ന് വർഷത്തെ ബജറ്റ് രേഖകൾ പ്രകാരം പുതിയ നികുതി, നികുതിയേതര ഇനങ്ങൾ ഒന്നുംതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

- വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ് മുതലായ നികുതി നികുതിയേതര വരുമാനമാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല.

പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് വർഷങ്ങളായി ലഭിക്കുന്നത്. ഭൂമിശാസ്ത്രപരമായ സാധ്യതകൾ കൂടി പരിഗണിച്ച് വരുമാന വർദ്ധനവിനായി ക്രിയാത്മക നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല എന്ന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ബജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| എ) നികുതി | | | | |
| 1 | വസ്തു നികുതി | 4101863 | 5500000 | 6000000 |
| 2 | തൊഴിൽ നികുതി | 21111970 | 2800000 | 3000000 |
| 3 | വിനോദ നികുതി | 12507 | 200000 | 200000 |
| ബി) നികുതിയേതരം | | | | |
| 4 | കെട്ടിടങ്ങൾ, സ്ഥലങ്ങൾ- വാടക | 1322780 | 2500000 | 2500000 |
| 5 | ഓഡിറ്റോറിയം & ഹാൾ-വാടക | 13000 | 50000 | 50000 |
| 6 | മറ്റ് വാടക | 0 | 10000 | 10000 |
| 7 | രജിസ്ട്രേഷൻ ഫീസ് | 23700 | 50000 | 60000 |
| 8 | ലൈസൻസ് ഫീസ് | 314180 | 600000 | 650000 |
| 9 | പെർമിറ്റ് ഫീസ് | 247553 | 400000 | 425000 |
| 10 | സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീസ് | 7012 | 10000 | 20000 |
| 11 | ഫൈൻ | 288188 | 500000 | 600000 |
| 12 | മറ്റ് ഫീസുകൾ | 47397 | 100000 | 110000 |
| 13 | യൂസർ ചാർജ്ജസ് | 166241 | 500000 | 500000 |
| 14 | ഉൽപ്പന്നങ്ങളുടെ വിൽപ്പന | 63000 | 100000 | 150000 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉയർന്നു വന്നിട്ടില്ല. ബജറ്റിൽ മൂന്ന് വർഷങ്ങളിൽ ഒരേ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ മുഖ്യ ഘടകങ്ങൾ ഓരോ വർഷവും ആവിഷ്കരിക്കുന്ന ബജറ്റും അതിന്റെ നിയന്ത്രണവുമാണ്. ബജറ്റ് പ്രക്രിയയിൽ വരവ്, ചെലവിനങ്ങളുടെ പ്രതീക്ഷിത തുക കണ്ടെത്തുവാനായി ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളും കണക്കിലെടുത്തിട്ടില്ല. 2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ് (₹) | 2022-2023 വർഷത്തെ യഥാർത്ഥ വരവ് (₹) |
|---|---|---|
| വസ്തു നികുതി | 6000000 | 5536893 |
| തൊഴിൽ നികുതി | 3000000 | 2247241 |
| വിനോദ നികുതി | 200000 | 375311 |
| വാടക | 2500000 | 1456392 |
| നികുതിയേതര വരവുകൾ | 7200000 | 854232 |

നികുതിയേതര വരവുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. വിനോദ നികുതിയിൽ വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിയാത്മക ചർച്ചയിലൂടെയാണ് വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

കുടിശ്ശിക പിരിച്ചെടുക്കൽ

2022-23 വർഷത്തിൽ 100% പിരിവ് എന്ന നേട്ടം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

2023 ലെ വസ്തു നികുതി പരിഷ്കരണം - അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

മേൽ ഉത്തരവുകൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് 27/05/2023 തീയതിയിലെ എസ്.സി4/2384/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയയിൽ 5% അടിസ്ഥാന നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും നിരക്കുകൾ പുതുക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടില്ല.

അവലോകന യോഗങ്ങൾ

ആറാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച

സ.ഉ(കൈ)നം.117/2022/LSGD തിയതി 1-6-2022 പ്രകാരം നികുതി വരുമാനത്തിന്റെ ഡി.സി.ബി തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും നികുതി, നികുതിയേതര വരവിന്റെ അവലോകനം ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓഡിറ്റിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സവിശേഷതകൾ പരിഗണിച്ച് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതാണ്.
2) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

3) കൊല്ലങ്കോടിന്റെ ടൂറിസം സാധ്യതകൾ കൂടി കണക്കിലെടുത്ത് ടൂറിസം പദ്ധതികൾ പ്രോൽസാഹിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിനുമുള്ള സാധ്യതകൾ ആലോചിക്കേണ്ടതാണ്.

4) കംഫർട്ട് സ്റ്റേഷനുകൾ, മാലിന്യം നിക്ഷേപിക്കുന്ന വിനോദ സഞ്ചാരികളിൽ നിന്ന് പിഴ ഈടാക്കൽ മുതലായ സാധ്യതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഭരണസമിതിക്ക് ശുപാർശ സമർപ്പിക്കാവുന്നതാണ്.
(ഓഡിറ്റ് അന്വേഷണം നം. 13/22-8-23 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

1-12 വസ്തു നികുതി നിർണ്ണയം -അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വസ്തു നികുതി വരവ് തുകയുടെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നി പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 5536893 |

| | |
|---|---|
| സഞ്ചയ DCB പ്രകാരം വരവ് | 5844371 |

2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങൾ

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ട താണ്. | എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്ത വർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 36 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തു ന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | ഇന്റർവ്യൂ നടത്തി ഒമ്പത് പേരെ നിയമിക്കുവാൻ തീരുമാനിച്ചെങ്കിലും ആറുപേർ മാത്രമാണ് ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് |

| | |
|---|---|
| | കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 27/05/2023 തീയതിയിലെ എസ്.സി4/2384/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 03.08.2023 തിയതിയിൽ എസ് സി4-2384/2023 നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ മാതൃഭൂമി, ദേശാഭിമാനി പത്രത്തിലും വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുമുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയമേഖല എന്നിവ പുതുക്കിയിട്ടുണ്ട്. |

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരവും 35 കെട്ടിടങ്ങളാണുള്ളത്. സഞ്ചയ ഡാറ്റ പ്രകാരം 34 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്.

കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 17 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഒരു മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയായുണ്ട്. കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

1. 11/268 -ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ്(എയർസെൽ) - 2016-17 മുതൽ കുടിശ്ശികയുണ്ട് - 72329 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9 ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.12/22-8-23 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

1-12-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 17 മൊബൈൽ ടവറുകളിൽ ഒരെണ്ണത്തിന്റെ വസ്തു നികുതിയാണ് കുടിശ്ശികയായുള്ളത്. വിവരം താഴെ കൊടുക്കുന്നു.

| വാർഡ്/ കെട്ടിട നം. | അപേക്ഷകൻ/ ഉടമസ്ഥൻ | കുടിശ്ശിക തുക | കുടിശ്ശിക വർഷം |
|---|---|---|---|
| 5/444 | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) | 72329 | 2016 ആദ്യ അർദ്ധ വർഷം മുതൽ 2023 രണ്ടാമത്തെ അർദ്ധ വർഷം വരെ |

കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനായി ഓഡിറ്റ് അന്വേഷണം (നം.24/23.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-12-2 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 34 കെട്ടിടങ്ങളുടെ വിവരം അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിലും സഞ്ചയയിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

യു.എ നമ്പർ അനുവദിച്ച ഏതാനും കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ രജിസ്റ്റർ പ്രകാരം | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 1/1 UA | പാർവതി | 47.09 | പാർപ്പിടം |
| 2 | 1/2 UA | സുനിത W/O ബിജു | 14.85 | പാർപ്പിടം |
| 3 | 1/3 UA | ദൈവാന W/O നാരായണൻകുട്ടി | 15.84 | പാർപ്പിടം |
| 4 | 2/1 | കരുണാകരൻ.വി S/o വിശ്വനാഥൻ പിള്ള | 318.94 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ |

ഓഡിറ്റ് അന്വേഷണം (നം.24/23.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-12-3 സഞ്ചയയിൽ ആശുപത്രി എന്ന ഉപയോഗക്രമത്തിൽ മുഴുവൻ കെട്ടിടങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല

സഞ്ചയ ഡാറ്റാ ബേസ് പ്രകാരം ആശുപത്രി എന്ന ഉപയോഗക്രമത്തിൽ ഒരു കെട്ടിടമാണ് നിലവിലുള്ളത് (പ്രശാന്ത് ക്ലിനിക്ക്). എന്നാൽ തൊഴിൽ നികുതി റജിസ്റ്റർ പ്രകാരം 5 ആശുപത്രികളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രി |
|---|---|
| 1 | AVITIS |
| 2 | AISHWARYA CLINIC |
| 3 | KOUSTHUBAM CLINIC |
| 4 | ABIND CLINIC |
| 5 | SAI HOSPITAL |

ഡാറ്റ പ്യൂരിഫിക്കേഷന് ശേഷവും സഞ്ചയയിൽ ആശുപത്രികളുടെ വിവരം തെറ്റായി തുടരുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം (നം.24/23.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉപയോഗക്രമം തിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച അറിയിക്കേണ്ടതാണ്.

1-13 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, രജിസ്ട്രേഷൻ ഫീസ്, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, പിഴ, പലിശ, മറ്റ് വരവുകൾ മുതലായവ നികുതിയേതര വരുമാനത്തിൽ ഉൾപ്പെടുന്നതാണ്. നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) വാടക

*കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ 39 കടമുറികൾ നിന്നും 2022-23 വർഷത്തിൽ 1382942 രൂപ വരവുണ്ട്. കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

എ) വാർഷിക വാടക വർദ്ധനവ്

ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള അതേ വ്യക്തികൾക്കു തന്നെ ലേല നടപടികൾ കൂടാതെ ഓരോ വർഷവും തുടർന്ന് ഉപയോഗിക്കുവാൻ അനുവാദം നൽകുമ്പോൾ 5% വാർഷിക വാടക വർദ്ധനവ് വരുത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്.

ബി) കുടിശ്ശിക ഈടാക്കൽ

വാടകയിനത്തിൽ 283561 രൂപ കുടിശ്ശികയുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വകരിച്ചിട്ടില്ല.

സി) സംവരണ തത്വം പാലിക്കൽ

കടമുറികൾ, ബങ്ക്, സ്റ്റാളുകൾ മുതലായവ വാടകയ്ക്കോ, പാട്ടത്തിനോ നൽകുമ്പോൾ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് 10 ശതമാനവും അംഗപരിമിതർക്ക് (50% ൽ അധികം വൈകല്യം ഉള്ളവർക്ക്) 3 ശതമാനവും സംവരണം നൽകേണ്ടതാണ്. സംവരണം പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഡി) ഓഡിറ്റോറിയം & ഹാൾ, ഓപ്പൺ സ്റ്റേജ്

പഞ്ചായത്ത് പ്രദേശത്തുള്ള ഓഡിറ്റോറിയം, ഓപ്പൺ സ്റ്റേജ് എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുമാന വർദ്ധനവിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഇ) വാടക പിരിവിനുള്ള സോഫ്റ്റ്‌വെയർ

ഐ.കെ.എം വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ വാടക ഈടാക്കുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമായിട്ടില്ല.

എഫ് ) ചിക്കണാംപാറ ചന്തപ്പേട്ടയിൽ 7 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു.

ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലവും പുനർലേലവും ചെയ്തിട്ടും ആരും ഏറ്റെടുക്കാൻ തയ്യാറാകാത്തതിന്റെ കാരണം കണ്ടെത്തി ആയത് ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

വാടക പിരിവ് - ഓഡിറ്റ് നിർദ്ദേശം

- ബൈലോ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
- കുടിശ്ശിക ഈടാക്കേണ്ടതാണ്.

2) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

- 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234
- *1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) ചട്ടങ്ങൾ*

2022-23 വർഷത്തിൽ 557 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ വരവ് 2,08,000/- രൂപയാണ്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 557 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ട്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി

തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ്

വൈദ്യുതി കൊണ്ടോ, അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും ചട്ടങ്ങളിലെ യഥാക്രമം പട്ടിക-III, പട്ടിക-IV എന്നിവ പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. ധാരാളം സ്ഥാപനങ്ങൾ വൈദ്യുതി കൊണ്ടുള്ള മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടികകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഫീസ് ഈടാക്കുന്നില്ല. ആയതിനാൽ ഫീസിനത്തിൽ നഷ്ടമുണ്ടാകുന്നതോടൊപ്പം ലൈസൻസ് ഇല്ലാതെ മോട്ടോറുകൾ പ്രവർത്തിക്കുന്ന സ്ഥിതിവിശേഷവും ഉണ്ടാകുന്നുണ്ട്.

ഇ) ലൈസൻസ് പുതുക്കൽ

2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തനകം (Within Thirty Days Before The End Of An Year) പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്.

എഫ്) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019
പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019* പുറപ്പെടുവിച്ചിട്ടുണ്ട്. *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020* ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം (Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

- 28 MSME കൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ജി) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്.
ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എച്ച് ) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 1812 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 557 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ഐ) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.
- ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.
- വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
- ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള രേഖകൾ മാത്രം ആവശ്യപ്പെടേണ്ടതാണ്.

3) മറ്റ് ലൈസൻസുകൾ

A) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

- കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷാ ഫീ : 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 1600 രൂപയാണ് വരവുള്ളത്.
നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

B) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

- കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ 500 രൂപ മാത്രമാണ് വരവുള്ളത്.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

4) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

തൻവർഷം 254 അപേക്ഷകൾ പെർമിറ്റിനായി ലഭ്യമായതിൽ 115,865 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷനു വേണ്ടി 161 അപേക്ഷകൾ ലഭ്യമായതിൽ ഫീസ് 57,941 രൂപ റഗുലറൈസേഷൻ ഫീസ് ഇനത്തിൽ ലഭ്യമായിട്ടുണ്ട്.

A) സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ചട്ടപ്രകാരമുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.
ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്.
19 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഈ ഇനത്തിൽ 900 രൂപ വരവുണ്ട്.

6) മറ്റ് വരവുകൾ

എ) ഗ്രാമപഞ്ചായത്തിന്റെ ആമ്പുലൻ സിന്റെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന് എം.എൽ.എ അനുവദിച്ച നൽകിയ ആംബുലൻസിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിൽ ആംബുലൻസിന്റെ പരിപാലനം തൃപ്തികരമല്ലെന്ന് കണ്ടെത്തി.

ബി) ലൈബ്രറി വരവ് സ്ഥിരം ലൈബ്രേറിയന്റെ തസ്തിക നിലവിലുള്ള ഗ്രാമപഞ്ചായത്ത് ആണ് കൊല്ലങ്കോട്. ലൈബ്രറിയിൽ നിന്നും 4090 രൂപ തൻവർഷം വരവുണ്ട്. ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കാവുന്നതും കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

സി) മിസലേനിയസ്

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 73514 രൂപയും ലഭ്യമായിട്ടുണ്ട്.

ഭൂമി, കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, ഫലവൃക്ഷങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.

ഡി) ടൂറിസം സാധ്യത പ്രയോജനപ്പെടുത്തൽ

ഇന്ത്യയിലെതന്നെ മനോഹര ഗ്രാമങ്ങളിൽ ഒന്നായ കൊല്ലങ്കോടിന്റെ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിന് വരുമാനം സൃഷ്ടിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-4-2022 ലെ ഖ. 8.15 ലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർപദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
(ഓഡിറ്റ് അന്വേഷണം നം.26/23-8-23 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്).

1-13-1 വാടക പിരിവ് കാര്യക്ഷമമാക്കണം

താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നാണ് ഗ്രാമപഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നത്.

1) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ

2) കമ്മ്യൂണിറ്റി ഹാൾ, ബസ് സ്റ്റാന്റ്

3) ഓപ്പൺ സ്റ്റേഡിയം

4) കമ്മ്യൂണിറ്റി ഹാൾ, നെന്മേനി

എ) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ

വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ എണ്ണം 39 ആണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിലെ ആകെ വരവ് 1382942 രൂപയാണ്. B15 ഷെഡ്യൂൾ പ്രകാരം കൈവശക്കാർ കുടിശ്ശിക വരുത്തിയ തുക 283561 രൂപയാണ്.

വാടക രജിസ്റ്ററിൽ തൻവർഷത്തെ വരവും കുടിശ്ശിക വരവും കൃത്യമായി ചേർക്കാത്തതിനാൽ വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടാത്ത സ്ഥിതിയാണുള്ളത്.

ബി) വാടക പിരിവിനായുള്ള ബൈലോ

വാടകയ്ക്ക് നൽകുന്ന കടമുറികളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനായി ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

സി) ഓഡിറ്റോറിയ ം, ഓപ്പൺ സ്റ്റേജ് വാടക

വാർഷിക ധനകാര്യ പത്രിക പ്രകാരം Rent From Auditoriums & Hall എന്ന ശീർഷകത്തിൽ 30950 രൂപ വരവുണ്ട്. എന്നാൽ റജിസ്റ്റർ പ്രകാരം 9000 രൂപ മാത്രമാണ് വരവായി കാണിച്ച് സെക്രട്ടറി സാക്ഷ്യപെടുത്തിയിരിക്കുന്നത്. ലെഡ്ജർ പ്രകാരം രണ്ട് ഓഡിറ്റോറിയങ്ങളിൽ നിന്നും ഓപ്പൺ സ്റ്റേജിൽ നിന്നും തുച്ഛമായ തുക മാത്രമാണ് വരവുള്ളതെന്ന് കാണുന്നു.

നെന്മേനിയിൽ ഒരു ഓഡിറ്റോറിയം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ നിന്നും വരുമാനം ഉറപ്പാക്കിയിട്ടില്ല.

ഡി) ചിക്കണാംപാറ ചന്തപ്പേട്ടയിൽ 7 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു

7/4/2022 ന് കടമുറികൾ ലേലം ചെയ്തുവെങ്കിലും കടമുറികൾ ലേലത്തിൽ പോയിട്ടില്ല. ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ വിവരം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | കെട്ടിട നമ്പർ |
|---|---|
| 1 | 6/690 |
| 2 | 6/691 |
| 3 | 6/692 |
| 4 | 6/693 |
| 5 | 6/694 |
| 6 | 6/695 |
| 7 | 6/696 |

മേൽ വിഷയങ്ങളിൽ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.5/19.08.2023 ന് താഴെ പറയുംപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എ) വാർഷിക ധനകാര്യ പത്രിക വരവും റജിസ്റ്ററിലെ വരവും പൊരുത്തപ്പെടാത്തതിന്റെ കാരണം പരിശോധിച്ച് വിവരം അറിയിക്കുന്നതാണ്.

ബി) കുടിശ്ശിക വരുത്തുന്നവർക്കെതിരെ RR നടപടി സ്വീകരിക്കുന്നതാണ്.

സി) വാടക ബൈലോ അധികാരികളുടെ അനുമതി വാങ്ങിച്ച് ഉടൻ പ്രബല്യത്തിൽ കൊണ്ടുവരുന്നതാണ്.

ഡി) ചിക്കണാംപാറ ചന്തപ്പേട്ടയിൽ 7 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ കാലപഴക്കം വന്ന് ജീർണിച്ച നിലയിലാണ്. ഉപയോഗിക്കുവാൻ കഴിയാത്ത കടമുറികൾ പൊളിച്ച് മാറ്റി പുതുക്കി പണിയുകയോ, നവീകരിക്കുയോ ചെയ്യുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ഓഡിറ്റ് നിർദേശം

- ബൈലോ രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- കുടിശ്ശിക ഈടാക്കേണ്ടതാണ്.
- വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- ആസ്തികളിൽ നിന്നുള്ള വരുമാന സാധ്യത വർദ്ധിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- ചിക്കണാംപാറ ചന്തപ്പേട്ടയിലെ 7 കടമുറികൾ പുതുക്കി പണിയുകയോ നവീകരിക്കുകയോ ചെയ്ത് വരുമാനം ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസ് തനത് ഫണ്ടിന് ബാധ്യത

ഗ്രാമപഞ്ചായത്തിന് എം.എൽ.എ അനുവദിച്ച നൽകിയ KL-70 F 6553 ആംബുലൻസിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ആംബുലൻസിന്റെ ഉപയോഗ ചാർജ്

തീരുമാനം നം: 20/1 തിയതി:15.09.2021 പ്രകാരം താഴെ പറയും പ്രകാരമാണ് ഉപയോഗ ചാർജ്ജ് നിശ്ചയിച്ചിട്ടുള്ളത്.

| ക്രമ നം. | ഉപയോഗം | ഫീസ് (₹) |
|---|---|---|
| 1 | ഒരു കിലോമീറ്ററിന് | 20 |

| | | |
|---|---|---|
| 2 | മിനിമം ഫീസ് | 600 |
| 3 | ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്ന് എലവഞ്ചേരി ശ്മശാനം വരെ | 1000 |
| 4 | ചിറ്റൂർ താലൂക്ക് ആശുപത്രി വരെ | 800 |
| 5 | പാലക്കാട് മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രി വരെ | 1200 |
| 6 | തൃശൂർ മെഡിക്കൽ കോളേജ് വരെ | 3000 |
| 7 | പാലക്കാട് ശ്മശാനത്തിൽ നിന്ന് ബന്ധുക്കളെ തിരിച്ചാക്കൽ | 2000 |

വരവ് ചെലവ് കണക്കുകൾ

| സാമ്പത്തിക വർഷം | വരവ് (രൂപ ) |
|---|---|
| 2022-23 | 46,800 |

ആംബുലൻസിന്റെ ചെ ലവ്

| ചെലവിനം | തുക |
|---|---|
| റിപ്പയർ | 8230 |
| ഇന്ധനം ചെലവ് | 34237 |
| ഡ്രൈവറുടെ വേതനം | 37230 |
| ആകെ | 79697 |

വരവിനേക്കാൾ കൂടുതൽ ചെലവ് ഉള്ളതിനാൽ നിലവിൽ ആംബുലൻസിന്റെ പരിപാലനം ഗ്രാമപഞ്ചായത്തിന് ബാധ്യതയാണെന്ന് വിലയിരുത്തുന്നു.

തൻവർഷത്തെ ഉപയോഗത്തിന്റെ വിവരം

1) തൻവർഷം ആകെ 24 ദിവസം മാത്രമാണ് ആംബുലൻസ് സർവ്വീസ് നടത്തിയിട്ടുള്ളത്. നിഷ്ക്രിയമായി കിടക്കുന്ന ദിവസങ്ങളിൽ ആംബുലൻസിന്റെ സേവനം പ്രയോജനപ്പെടുന്നില്ല എന്ന് ബോധ്യപ്പെട്ടു.

പ്രത്യേകം അച്ചടിച്ച് നൽകിയ രസീതി പുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്. രസീതി ബുക്കിൽ ഡബിൾ സൈഡ് കാർബൺ കോപ്പി ഉപയോഗിക്കുയോ പഞ്ചായത്തിന്റെ സീൽ വക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ക്രമക്കേടിനുള്ള സാധ്യത ഏറെയുണ്ട്. രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്ക്

ലോഗ്ബുക്കിൽ എൻട്രികൾ കൃത്യമായി ചേർക്കുന്നില്ല. ഡീസൽ അടിച്ചതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. അധികാരികൾ ആരും ആയത് പരിശോധിക്കുന്നില്ല.

നിലവിൽ ആംബുലൻസിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാണെന്ന് വിലയിരുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/22.08.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പൊതുജനങ്ങൾക്ക് സേവനം നൽകുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന് ആംബുലൻസ് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്ന് കൂടി ഉറപ്പാക്കേണ്ടതാണ്.
- പരിമിതമായ ദിവസങ്ങളിൽ മാത്രം ആംബുലൻസ് സേവനം നടത്തുന്നത് കണക്കിലെടുത്ത് പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനുവേണ്ടിയും മറ്റ് ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് വേണ്ടിയും ആയത് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ആംബുലൻസ് എച്ച്.എം.സി ക്ക് കൈമാറുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.
- വാഹനത്തിന്റെ ലോഗ് ബുക്കിൽ ഡീസൽ അടിച്ചതിന്റെ വിവരം, യാത്ര ചെയ്യുവരുടെ പേര്, വിലാസം,

കിലോമീറ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

- ആംബുലൻസിന് ഉപയോഗിക്കുന്ന രസീതി ബുക്കിന് പഞ്ചായത്തിന്റെ സീൽ, രസീതി ബുക്കിൽ പേജ് എണ്ണം തിട്ടപ്പെടുത്തി സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എന്നിവ ഉണ്ടെന്നും സ്റ്റോക്ക് വിവരം കൃത്യമാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ തങ്കം, തങ്കരാജ് എന്നീ തിയേറ്ററുകളാണ് നിലവിലുള്ളത്. സിനിമാട്ടോഗ്രഫി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ തങ്കം തിയറ്ററിൽ 137 സീറ്റുകളും തങ്കരാജിൽ 340 സീറ്റുകളുമാണ് നിലവിലുള്ളത്.

2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം ആകെ 375311 രൂപയാണ് വിനോദ നികുതി ഇനത്തിലെ വരവ്. വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്.

1. തിയറ്റർ ഉടമകൾ സമർപ്പിച്ച ടിക്കറ്റുകളുടെ എണ്ണത്തിന്റെ കണക്ക്.

2. ത്രൈമാസ ജി.എസ്.ടി റിട്ടേൺ 3B

എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും ദിവസങ്ങൾ വൈകിയാണ് നികുതി ഒടുക്കുന്നതെന്ന് ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

നിലവിൽ തിയറ്റർ ഉടമകൾ ജി.എസ്.ടി റിട്ടേൺ ഫയൽചെയ്യുന്നത് മൂന്ന് മാസം കൂടുമ്പോൾ ആയതിനാൽ ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ച് വിനോദ നികുതി ഈടാക്കുന്നത് പ്രായോഗികമല്ലാത്ത സ്ഥിതിയാണുള്ളത്.

ഓരോ മാസവും എത്ര ടിക്കറ്റാണ് നൽകിയതെന്നും ആയതിന്റെ വിനോദ നികുതിയായി എത്ര തുക ഈടാക്കിയെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

നിലവിൽ നികുതികൾ ഉൾപ്പെടെ 110 രൂപയാണ് തിയറ്ററുകൾ ഈടാക്കുന്നത്. അടിസ്ഥാന നിരക്ക് 100 രൂപയിൽ താഴെയായതിനാൽ (88.78 രൂപ) 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 3/18.08.2023) ന് ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കാമെന്നും ഓരോ മാസത്തേയും ടിക്കറ്റുകളുടെ കൃത്യത ഉറപ്പാക്കി വിനോദ നികുതി കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി മാത്രം നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിനോദ നികുതി തിയറ്റർ ഉടമകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ടിക്കറ്റുകളുടെ കൃത്യത ഉറപ്പാക്കി ആയതിനനുസരിച്ച് നികുതി ഈടാക്കേണ്ടതാണ്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 94 സ്ഥാപനകളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി -1872281 രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി -374960 രൂപ

ആകെ - 2247241രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം

തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

*എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.*

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവര ശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധി കളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പെടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീ സ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. റേഷൻ കടകൾ, MSME കൾ മുതലായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax ) – നിശ്ചിത തുക ഈടാ ക്കുന്നതിന് നിയമ തടസ്സം

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ.ഉ(അ)നം.143/2008 /തസ്വഭവ തിയതി 27-05-2008 പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ

എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

നിലവിൽ, സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്ന് കാണുന്നു.

ചട്ടങ്ങളിൽ ഭേദഗതി പരിഗണിക്കുമ്പോൾ പുതിയ സാഹചര്യം കൂടി കണക്കിലെടുത്ത് കൂടുതൽ സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

എഫ്) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

I. അർദ്ധ വാർഷിക വരുമാനത്തിന്റെ പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളില ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

Ii. ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണതയില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ജി) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം

നിലവിൽ വന്നിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല.
ചട്ടങ്ങളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിട്ടും അത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

നിലവിലുള്ള പ്രായോഗിക പ്രശ്നങ്ങൾ തൊഴിൽ നികുതിയുടെ കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണെന്ന് വിലയിരുത്തുന്നു.

എച്ച്) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ  ഇടപെടൽ
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നുണ്ട്. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.
ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിച്ച് പരമാവധി നികുതി സ്വരൂപിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16  ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മുഴുവനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012/ത.സ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതാണെന്നും ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം തെരുവു വിളക്കുകളും മീറ്ററിംഗ് സംവിധാനത്തിന് കീഴിൽ ആക്കിയിട്ടുണ്ടെങ്കിലും ഏതാനും തെരുവു വിളക്കുകൾ നിലവിലും പ്രസ്തുത സംവിധാനത്തിന് കീഴിൽ അല്ലാതെ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല അടച്ചു വരുന്നത്. ബൾബുകളുടെ തരം, എണ്ണം, *Burnig Hours* എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് അത്തരം ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്.

താഴെ പറയുന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവു വിളക്കുകൾക്ക് മീറ്റിറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ | കൺസ്യൂമർ നം. |
|---|---|
| കൊല്ലങ്കോട് | 1165109008050 |
| മുതലമട | 1165119015354 |

2022-23 സാമ്പത്തിക വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ ആകെ 1479971 രൂപ ചെലവഴിച്ചതിൽ 786929 രൂപ (53%) ചെലവഴിച്ചത് മീറ്ററിംഗ് സംവിധാനം എർപ്പടുത്താത്ത തെരുവ് വിളക്കുകൾക്കാണ്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതിനാൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്നുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/23.08.23) മറുപടി ലഭ്യമാക്കിയില്ല.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 ഭാരതപ്പുഴ സംരക്ഷണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 18/2023 |
| അടങ്കൽ | 500000 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 500000 |
| ബിൽ നമ്പർ / തീയതി | XVFC/2022-23-P/65/02.12.22 |

ഭാരതപ്പുഴ സംരക്ഷണത്തിനായി ഇറിഗേഷൻ വകുപ്പുമായി സംയോജിച്ച് പുഴയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനുമാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പിനായി 500000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് (നം. 34720494963) കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ രേഖകളും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/23.08.23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ബാക്കി തുക ഉണ്ടെങ്കിൽ ആയത് സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയിന്റനൻസ് നടത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 74/23-തെരുവു വിളക്ക് അറ്റകുറ്റപ്പണി |
| അടങ്കൽ | 700000 - തനത് ഫണ്ട് |
| ചെലവ് | 700000 |
| വൗച്ചർ നം./ തീയതി | 22200993/27.03.23 |

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവു വിളക്കുകളുടെ റിപ്പയർ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്. വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ താഴെ പറയും പ്രകാരമാണ്. തെരുവു വിളക്ക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് നിലാവ് പദ്ധതി പ്രകാരം 2021-22 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 500 LED വിളക്കുകൾപ്പെടെ ആകെ 925 LED വിളക്കുകളുണ്ട്. കൂടാതെ 36 കൺസ്യൂമർ പോയിന്റുകളിലായി ആകെ 1805 മീറ്റേർഡ് ലാമ്പുകളുണ്ട്. അൺമീറ്റേർഡ് കൺസ്യൂമർ നമ്പറിൽ 5 ഡബിൾ ട്യൂബ്ലൈറ്റ്, 98 സോഡിയം വേപ്പർ ലാമ്പ്, 75 സി.എഫ്.എൽ, 382 ഓട്ടോമാറ്റിക് സി.എഫ്.എൽ എന്നിവ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സ്ട്രീറ്റ് ലൈറ്റ് AMC പ്രോജക്ട് പ്രകാരം തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ വിവരം താഴെ പറയുന്നു.

| ഇനം | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| Total No. Of Post | 2222 | 120 Per Piece | 266640 |
| Shade Cast Aluminium OR Engineering Plastic | 2222 | 15 Per Piece | 33330 |
| Flexible Cable Aluminium | 6666 | 10 Per Piece | 66660 |
| Holder Brass OR PVC | 2222 | 20 Per Piece | 44440 |
| 9 WATT | 329 | 65 Per Piece | 21385 |
| 15 WATT | 1465 | 150 Per Piece | 219750 |
| 20 WATT | 310 | 200 Per Piece | 62000 |
| 35 WATTS | 111 | 250 Per Piece | 27750 |
| 50 WATTS | 8 | 300 Per Piece | 2400 |
| TOTAL AMOUNT | | | 744355<br>നൽകിയത് - 7 ലക്ഷം രൂപ |

ഓരോ പോസ്റ്റിലേയും തെരുവ് വിളക്ക് അവസാനമായി മാറ്റി സ്ഥാപിച്ച തിയതി/റിപ്പയർ ചെയ്ത തിയതി, ഓരോന്നിന്റേയും വാറണ്ടി കാലയളവ് മുതലായ വിവരം ചേർത്ത് തെരുവു വിളക്ക രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇപ്രകാരം കണക്ക സൂക്ഷിക്കാതെയാണ് തെരുവു വിളക്ക് അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ട് ആവിഷ്കരിച്ച് തുക ചെലവഴിച്ചിട്ടുള്ളത്.

തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ പരാമർശിച്ച വസ്തുതകൾ പരിഗണിച്ച മാത്രം തെരുവു വിളക്ക് റിപ്പയറിനുള്ള AMC നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 16/23.08.23)

1-19 പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വെള്ളക്കരം ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| മാസം | തുക |
|---|---|
| 4/22 | 204509 |
| 5/22 | 204509 |
| 6/22 | 204509 |
| 12/22 | 2188 |
| 3/23 | 176411 |
| ആകെ | 792126 |

ആകെ 405 പൊതു ടാപ്പുകൾ ഉണ്ടായിരുന്നതിൽ 343 എണ്ണം വിച്ഛേദിച്ചിട്ടുണ്ട്. ബാക്കി 62 എണ്ണമാണ് നിലവിലുണ്ടായിരുന്നത്. തുടർന്ന് വീണ്ടും സംയുക്ത പരിശോധന നടത്തുകയും ഉപയോഗിക്കാത്തവ വിച്ഛേദിക്കുന്നതിനുള്ള ലിസ്റ്റ് ഭരണസമിതി തീരുമാനം പ്രകാരം വാട്ടർ അതോറിറ്റിക്ക കൈമാറുകയും ചെയ്തിട്ടുണ്ട്.

നിലവിലെ പൊതുടാപ്പുകളുടെ വിവരം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/23.08.23) ആകെ 11 പൊതുടാപ്പുകൾ മാത്രമാണ് നിലവിൽ ഉപയോഗിക്കുന്നത്

എന്നും ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

1-20 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുടർ നിരീക്ഷണം നടത്തേണ്ടതാണ്

ഹരിതകർമ്മസേന മാലിന്യ പ്രവർത്തനങ്ങൾക്ക് ക്യൂ.ആർ കോഡ് പതിച്ചുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കെൽട്രോണിന് തുക കൈമാറുന്നതിനായി, ജി.ഒ.(ആർ.ടി)നം.2307/2021/LSGD തീയതി 18.11.21 പ്രകാരം പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 204/23, സ്മാർട്ട് ഗാർബേജ് |
| അടങ്കൽ | 250000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 204900 |
| ബിൽ സാംഗ്ഷൻ ഓർഡർ നമ്പർ / തീയതി | 473/23.02.23 |

താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

1. സർവ്വീസ് ചാർജ് - 135700 രൂപ
2. എസ്.എം.എസ് - 7200 രൂപ
3. ക്യൂ.ആർ കോഡ് തുക (13000 എണ്ണം) - 12000 രൂപ
4. ലാപ്ടോപ്പ് - 50000 രൂപ

ആകെ – 204900 രൂപ

14.02.23 ന് കെൽട്രോണുമായി കരാറിലേർപ്പെട്ട് അക്കൗണ്ടിലേക്ക് 204900 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം. 9868/18.03.2023 പ്രകാരം ഒരു ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ട്. .

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് 6774 വീടുകളും 650 ഇൻസ്റ്റിറ്റ്യൂഷനും ഉൾപ്പെടെ 7424 കെട്ടിടങ്ങളിലാണ് ക്യൂ.ആർ കോഡ് എൻറോൾമെന്റ് നടത്തിയിട്ടുള്ളത്. 2022 ജൂലായ് മാസം എല്ലാ വാർഡുകളിലും സ്മാർട്ട് ഗാർബേജ് ആപ്പ് ഉപയോഗിച്ചാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം നടത്തിയിട്ടുള്ളത്.

ഹരിതകർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പിന്റെ പ്രവർത്തനത്തിനായി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട് എന്നും നിലവിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെട്ടു എന്നും യൂസർഫീ കളക്ഷനിൽ പുരോഗതി കൈവന്നിട്ടുണ്ട് എന്നും ഓഡിറ്റ് അന്വേഷണം നം.6/19-8-23 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-21 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, വാർഷികകണക്കിലെ B-18 ഷെഡ്യൂൾ എന്നിവ പ്രകാരം MGNREGS, FESTIVAL ADVANCE, PRERAK HONORARIUM എന്നീ ഹെഡുകളിൽ തനതുഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ലാത്തതായി കണ്ടെത്തി.

| ഹെഡുകൾ | അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻബാക്കി | തൻവർഷം നൽകിയ തുക | ക്രമീകരിച്ച തുക. | ക്രമീകരിക്കുവാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| MGNREGS | 999151 | 1419381 | 434992 | 1983540 |
| FESTIVAL ADVANCE | - | 265000 | 257000 | 8000 |

| | | | | |
|---|---|---|---|---|
| PRERAK HONORARIUM | 104832 | 0 | 0 | 104832 |

മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/23.08.23) NREGS ന് അനുവദിച്ച തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റീക്കുപ്പ് ചെയ്യുന്നതാണെന്നും ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻകൂറായി നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രേരക് മാർക്ക് നൽകിയ തുക സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന അധികൃതർ അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ , യൂസർഫീ നിശ്ചയിക്കൽ

12.05.97 ലെ ജി.ഒ.(എം.എസ്) 105/97 ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം .അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 02.08.2022ലെ 1(1) നം തീരുമാന പ്രകാരം മാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ ബൈലോ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണവും പ്രവർത്തനവും

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 11.11.19 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. 18 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ നിലവിൽ 32 അംഗങ്ങളുണ്ട്. ആകെ 7000 വീടുകളും 1500 വ്യാപാര സ്ഥാപനങ്ങളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. വളരെ ചുരുക്കം വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമാകുന്നത്.

പ്രതിമാസം ശരാശരി 80000 രൂപ മാത്രമാണ് യൂസർ ഫീ ഇനത്തിൽ ലഭ്യമായിരുന്നത്. QR കോഡ് സ്ഥാപിച്ചതിനു ശേഷം 2023 ജൂലായ് മാസത്തിൽ 135000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ യൂസർഫീ ഇനത്തിൽ ആകെ 1102900 രൂപയാണ് ലഭ്യമായിട്ടുള്ളത്.

വാഹനം വാങ്ങി നൽകിയതിന്റെ വിവരം

പ്രവർത്തന മാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനയ്ക്ക് വാഹന സൗകര്യം നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. ഹരിതകർമ്മസേനയ്ക്ക് ഗ്രാമപഞ്ചായത്ത് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ ഒരു ബാറ്ററി ഓപ്പറേറ്റഡ് 3 വീലർ ഗുഡ്സ് ക്യാരിയർ സേനാംഗങ്ങൾ ഉപയോഗിക്കുന്നുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ് )

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 15- ാം വാർഡിൽ കവളക്കോടിൽ എം.സി.എഫ് കെട്ടിടത്തിന്റെ നിർമ്മാണം തൻവർഷം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എം.സി.എഫിൽ ബെയ്ലിംഗ് മെഷിൻ സ്ഥാപിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 9 വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ് )

ബ്ലോക്ക്തലത്തിൽ ആർ.ആർ.എഫ് സംവിധാനം നിലവിലില്ല.

ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നില്ല.

മാലിന്യം കയ്യൊഴിയൽ

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പുനരുപയോഗത്തിനു സാധിക്കാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായും ശേഖരിക്കുന്ന മാലിന്യങ്ങൾ കയ്യൊഴിയുന്നതിനുമായി ട്രാഷ് ഗോൾഡ് ഇക്കോ സൊല്യൂഷൻസ്, പള്ളത്തേരി, എലപ്പുള്ളി എന്ന സ്ഥാപനവുമായി 27.10.21 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ കാലാവധി 2 വർഷമാണ്. Rejected Waste സംസ്കരിക്കുന്നതിന് മേൽസ്ഥാപനത്തിന് കിലോ ഗ്രാമിന് 8 രൂപയാണ് നൽകുന്നത്. CFL, TUBE LIGHT, CATRIDGE എന്നീ മാലിന്യങ്ങൾ നൽകുന്നതിന് കിലോ ഗ്രാമിന് 39 രൂപയാണ് ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്നത്.
ഓഡിറ്റ് വർഷം Rejected Waste 25165 Kg നല്കിയതിന് തനത് ഫണ്ടിൽ നിന്നും 259091 രൂപ ട്രാഷ് ഗോൾഡ് ഇക്കോ സൊല്യൂഷൻസ് ന് നൽകിയിട്ടുണ്ട്.
14719 Kg പ്ലാസ്റ്റിക് മാലിന്യം നൽകിയതിന് ഓഡിറ്റ് വർഷം ഹരിതകർമ്മസേനയ്ക്ക് 143439 രൂപയാണ് ലഭിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) യൂസർഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി പൊതുജനങ്ങൾക്കിടയിലും വ്യാപാരികൾക്കിടയിലും ബോധവല്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

2) യൂസർഫീ നൽകാത്ത വീട്ടുടമകൾക്കെതിരെയും സ്ഥാപന ഉടമകൾക്കെതിരെയും ഗ്രാമപഞ്ചായത്ത് കർശന നടപടി സ്വീകരിക്കേണ്ടതാണ്.

3) ഇന്ത്യയിലെ സുന്ദരഗ്രാമങ്ങളിലൊന്നായി പ്രശസ്തി നേടിയ കൊല്ലങ്കോട് പ്രദേശത്ത് എത്തുന്ന സഞ്ചാരികളുടെ ആധിക്യം കാരണം ഉണ്ടാകുന്ന പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിന് ആവശ്യമായ തുടർനടപടികൾ ആലോചിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.19/23.08.23)

1-23 ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

ഒന്നാം വാർഡിൽ മുതലിയാർക്കുളം എന്ന സ്ഥലത്താണ് ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നത്. തുമ്പൂർമൊഴി മോഡലിൽ 10 ബിന്നുകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 12 കണ്ടിൻജന്റ് ജീവനക്കാരുടെ സ്ഥിരം തസ്തിക നിലവിലുണ്ടെങ്കിലും രണ്ട് പേർ മാത്രമാണ് നിലവിലുള്ളത്. ബാക്കി ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി ആറ് പേരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 6 സ്വീപ്പർമാരുടെയും ഒരു ട്രാക്ടർ ഡ്രൈവറുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

പൊതുസ്ഥലങ്ങളിൽ നിന്നും പ്ളാസ്റ്റിക്ക് ഒഴികെയുള്ള ജൈവമാലിന്യങ്ങൾ ശേഖരിച്ച് ജൈവവളം ആക്കി മാറ്റുന്ന പ്രവർത്തനമാണ് പ്ലാന്റിൽ നടന്നുവരുന്നത്. ജൈവവളത്തിന്റെ വിപണനവും നടക്കുന്നുണ്ട്. ട്രാക്ടർ മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ വേർതിരിച്ച് ജൈവമാലിന്യങ്ങൾ ബിന്നുകളിൽ നിക്ഷേപിച്ചാൽ മാസങ്ങളോളം രാസപ്രവർത്തനം നടന്നതിനുശേഷമാണ് ജൈവവളമായി മാറുന്നത്. ഇപ്രകാരം ഉണ്ടാകുന്ന ജൈവവളം ചാക്കിലാക്കി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. സ്ഥലപരിമിതിയുള്ളതിനാൽ ദിവസേന ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനും

ജൈവവളത്തിന്റെ വിപണനം നടത്തുന്നതിലും പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ പ്ളാന്റിൽ സി.സി ടി.വി ക്യാമറ സ്ഥാപിക്കുന്നതിനായി ഒരു പ്രോജക്ട്(നം.17/23) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 522644 രൂപ (560/25-3-23 -Rs. 142798, 603/29-3-23-Rs.379846) ഇതിനായി സി.എഫ്.സി ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്ത ലോജിക് കമ്പ്യൂട്ടേഴ്സ്, പട്ടാമ്പി എന്ന സ്ഥാപനമാണ് സി.സി ടി.വി സ്ഥാപിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തി 2 വ്യക്തികളിൽ നിന്നും അലക്ഷ്യമായി മാലിന്യം നിക്ഷേപിച്ചതിന് 5000 രൂപ വീതം ഫൈൻ ഈടാക്കിയിട്ടുണ്ട്.

ഓഡിറ്റ് വർഷം 15000 രൂപ ചെലവഴിച്ച് പ്ളാന്റിലേക്ക് Innoculam വാങ്ങിയിട്ടുണ്ട്. കൂടാതെ കുടിവെള്ള ചാർജിനും ഇലക്ട്രിസിറ്റി ചാർജിനും തനതുഫണ്ടിൽ നിന്നും ആറായിരം രൂപയോളം ചെലവഴിക്കുന്നുണ്ട്.

ജൈവവളം വിപണനത്തിൽ നിന്നും തൻവർഷം വരവൊന്നും ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പ്ലാന്റിലേക്ക് കൊണ്ടു വരുന്ന മാലിന്യങ്ങൾ വേർതിരിച്ചതിനുശേഷമുള്ള അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

2) സി.സി ടി.വി യുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

3) പ്ലാന്റിന്റെ വിപുലീകരണ സാധ്യത വിലയിരുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്

4) മാലിന്യ പ്ലാന്റിൽ സേവനം നടത്തുന്ന ജീവനക്കാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ പ്ലാന്റിന്റെ നടത്തിപ്പിൽ 2016 ലെ ഖരമാലിന്യം പരിപാലന ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 24/23.08.23).

1-24 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് ബില്ലുകൾക്കനുസൃതമായി ആവശ്യപ്പെടുന്ന തുക ട്രഷറി അക്കൗണ്ടിലേക്ക് അനുവദിച്ച നൽകുന്നതിനായി ഓഡിറ്റ് വർഷത്തിൽ പ്രോജക്ട് ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 80/23, ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് തുക നൽകൽ |
| അടങ്കൽ | 446365 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 446248 |
| ബിൽ നമ്പർ / തീയതി | 8/31.08.22-20000<br>14/16.09.22-30714<br>15/20.09.22-21484 |

| | |
|---|---|
| | 19/16.11.22-104881<br>22/16.12.22-62764<br>27/16.02.23-10944<br>29/21.02.23-14201<br>34/25.03.23-181260 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലെ ദൈനംദിന ചെലവുകൾക്കാവശ്യമായ തുക അതത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ട്രഷറി അക്കൗണ്ടിലേക്ക് മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം കൈമാറിയിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥർ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

പതിനാലാം പദ്ധതിമാർഗ്ഗരേഖ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.22 ലെ ഖണ്ഡിക 6.8 ൽ മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയതിൽ ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ ഉൾപ്പെട്ടിട്ടില്ല. ഖ.6.12(b)(4) പ്രകാരം മെയിന്റനൻസ് ഫണ്ടിന്റെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ തുക വിനിയോഗിക്കുന്നുള്ളൂ എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഖ.6.8.5 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നല്കി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ദൈനംദിന ചെലവുകൾക്കായി ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനു പകരം മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതിന്റെ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/19.08.23) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ ചെലവുകൾ നിർവ്വഹിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

1-25 നെൽകൃഷി ഒഴികെയുള്ള കാർഷിക വിളകൾക്ക് പ്രോൽസാഹനം നൽകുന്നില്ല

കൊല്ലങ്കോട് പഞ്ചായത്തിൽ കൃഷി ഓഫീസർ മുഖേന നെൽ കൃഷിക്ക് കൂലി ചെലവ് നൽകുന്നതിനായുള്ള പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ 3.5 കോടി വകയിരുത്തിയതിൽ 1.3 കോടി രൂപ 1020ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്കാണ് ഉഴവു കൂലിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്.

| പ്രോജക്ട് നം. /പേര് | അടങ്കൽ | ചെലവ് | അളവ് (ഹെക്ടർ) |
|---|---|---|---|
| 96/23, നെൽ കൃഷിക്ക് കൂലി ചെലവ് (Scp) | 442000 | 182371 | 20 |
| 85/23, നെൽ കൃഷിക്ക് കൂലി ചെലവ് (വനിത) | 10793600 | 4687120 | 350 |
| 84/23, നെൽ കൃഷിക്ക് കൂലി ചെലവ് (ജനറൽ) | 24170000 | 8795575 | 650 |
| ആകെ | 35405600 | 13665066 | 1020 |

സ.ഉ (കൈ) നം. 115/2022/ ത സ്വഭ വ തീയതി 28-05-2022 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 6.1 പ്രകാരം പച്ചക്കറി കൃഷി, പച്ചക്കറികളുടെ വിത്തു വിതരണം, പച്ചക്കറി തൈകൾ നൽകൽ, തെങ്ങ് , വാഴ കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ, ജൈവ-രാസ വളങ്ങൾ, അടുക്കള തോട്ടം, ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷി, അവ ഫലപ്രദമായി നടത്തുവാൻ പോട്ടിങ് മിശ്രിതം നിറച്ച ഗ്രോബാഗ് വിതരണം മുതലായവയ്ക്ക് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ വിഭാവനം ചെയ്യാവുന്നതാണ്.
തരിശു ഭൂമിയിൽ കൃഷി, പാട്ടകൃഷി (എല്ലാ വിഭാഗങ്ങൾക്കും) എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടായതായും കാണുന്നില്ല.

22-1-22 ലെ കൃഷി, മത്സ്യബന്ധനം, മണ്ണ്, ജലസംരക്ഷണം എന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ

രാസവളത്തിന് സബ്സിഡി, ചുണ്ണാമ്പ് നൽകുന്നതിനുള്ള പദ്ധതി, പച്ചക്കറി, തെങ്ങു കൃഷി എന്നിവയ്ക്കുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ഉയർന്നു വന്നിരുന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

പൊതുജനങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണമനുള്ള (നം.9/21-08-23) മറുപടിയിൽ തുടർ വർഷങ്ങളിൽ മറ്റു കൃഷികൾ നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിവിധ വിളകൾക്ക് പ്രാമുഖ്യം ലഭ്യമാകുന്ന വിധത്തിൽ ആസൂത്രണ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-26 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 119/23, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം |
| അടങ്കൽ | ₹200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹200000 |
| ബിൽ നം./തീയതി | 1/28.12.22 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

തെരുവുനായകളുടെ പ്രജനന നിയന്ത്രണം പ്രോഗ്രാമിനുള്ള വിഹിതമായി 200000രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 79901140000 2200) കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 10/21-8-23 നുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് തലത്തിൽ സെന്ററുകൾ ആരംഭിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തുക ചെലവഴിക്കാത്തപക്ഷം തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിടപ്പ് രോഗികൾ, പ്രായമായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ മുതലായ ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തൽ താഴെ ചേർക്കുന്നു.

### എ) പരിചരണം ആവശ്യമായ രോഗികളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ പ്രധാനമായും താഴെ പറയുന്ന രോഗികൾക്കാണ് പരിചരണം നൽകി വരുന്നത്.

തുടർ പരിചരണം ആവശ്യമായവർ - 155

മെഡിസിൻ സപ്പോർട്ട് ആവശ്യമുള്ളവർ - 36

60 വയസിന് താഴെ പ്രായമുള്ള തീരെ കിടപ്പിലായവർ - 74

60 വയസിന് മുകളിൽ പ്രായമുള്ള തീരെ കിടപ്പിലായവർ - 78

18 വയസിനു താഴെ പാലിയേറ്റീവ് പരിചരണം ലഭിക്കുന്നവർ - 3

ഫിസിയോ തെറാപ്പി ആവശ്യമായവർ - 30

സെക്കണ്ടറി കെയർ ആവശ്യമായവർ - 19

ക്യാൻസർ രോഗികൾ - 44

വൃക്ക രോഗികൾ - 8

നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ - 5

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ - 1

ഡ്രസിംഗ് ആവശ്യമായവർ - 9

ബി) പാലിയേറ്റീവ് പ്രോജക്ടുകൾ

തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (CHC)

1) 23/23- സാന്ത്വന പരിചരണം

അടങ്കൽ -535000 (375000 - വികസന ഫണ്ട് + Block Share - 160000)

ചെലവ് - 410269 (374404 - വികസന ഫണ്ട് + Block Share - 35865)

പ്രാഥമിക പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി നഴ്സുമാർക്ക് ഹോണറേറിയം, വാഹന വാടക, മരുന്നും ഉപകരണങ്ങളും വാങ്ങൽ, ഭക്ഷണച്ചെലവ് എന്നീ ഇനങ്ങൾക്കായാണ് പ്രധാനമായും വകയിരുത്തിയ തുക ചെലവഴിച്ചിട്ടുള്ളത്.

സി) ഹോം കെയർ റിപ്പോർട്ട് ബുക്ക്

ഹോം കെയർ സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്.

ഡി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുമ്പും പി.എം.സി രൂപീകരിക്കേണ്ട താണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്. വിവിധ റിപ്പോർട്ടുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. തൻവർഷം പി.എം.സി ഏഴ് തവണ യോഗം ചേർന്നിട്ടുണ്ട്. പി.എം.സി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

ഇ) പഞ്ചായത്ത്തല അവലോകന യോഗം

പഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യ അവലോകന യോഗം ചേരുന്നുണ്ട്.

എഫ് ) വിഭവ സമാഹരണം

മാർഗ്ഗരേഖയിലെ ഖ.2.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനം കാര്യക്ഷമമാ ക്കുന്നതിനായി മറ്റ് സംഭാവനകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ സ്വീകരിക്കാവുന്നതും ആയതിനായി പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. രസീതികളും ഈ ആവശ്യത്തിനായി അച്ചടിച്ചിട്ടുണ്ട്. നിലവിൽ 19300 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

അക്കൗണ്ട് നം. 41525393012 SBI

സ്പോൺസർഷിപ്പിലൂടെ ആറു പേർക്ക് മരുന്ന് ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

ജി) മോണിറ്ററിംഗ്

ഗ്രാമപഞ്ചായത്ത്തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ചർച്ചകൾ നടന്നിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലയിരുത്തൽ നടത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചതായി കാണുന്നില്ല.

എച്ച് ) ഓഡിറ്റ് വിലയിരുത്തൽ /നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണെന്ന് വിലയിരുത്തുന്നു.

PMC യോഗങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ഇടവേളകളിൽ യോഗം ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിനു പുറമെ പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളിലൂടെ ലഭിക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയറിനായി മാത്രം ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം. 4(1)/19-8-2023 പ്രകാരം മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1-28 ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2132/2022/തസ്വഭവ തിയതി 31-8-2022 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം, ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ മുതലായ ഘടകങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാവുന്നതാണ്.

ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പുരോഗതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സ.ഉ(സാധാ)നം.2156/2022/തസ്വഭവ തിയതി 1-9-2022 പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം താഴെ ചേർക്കുന്നു.

Support For Diagnostic Infra Structure – 9.91 ലക്ഷം (ലഭ്യമായത് - 187641 രൂപ)

Grant For Rural Health And Wellness Centres – 4.71 ലക്ഷം (ലഭ്യമായത് - 325596 രൂപ)

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (CHC)

| ഗ്രാന്റ് | പ്രോജക്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | കുറിപ്പ് |
|---|---|---|---|---|---|
| CFC-Health Grant-Rural Health And Wellness Centres | 182/23 | 185000 | 94640 (ബിൽ നം. 448/8-3-2023) | 51 | വിവിധ ഉപകരണങ്ങൾ |
| CFC-Health Grant-Support For Diagnostic Infra Structure | 183/23 | 321305 | 133254 (ബിൽ നം. 156/5-11-2022-Rs.38232, 242/5-12-22-Rs.4869, 487/2-3-23-Rs.60153, 600/28-2-23-Rs.30,000) | 41 | വിവിധ ലാബ് ഉപകരണങ്ങൾ, ലാബ് റീഏജന്റുകൾ |
| ആകെ | | 506305 | 227894 | 45 | |

തൻവർഷം ശരാശരി 47 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഹെൽത്ത് ഗ്രാന്റിന്റെ സാമ്പത്തിക നില

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| CFC-Health Grant-Support For Diagnostic | 0 | 187641 | 187641 | 94640 | 93001 |

| | | | | | |
|---|---|---|---|---|---|
| Infra Structure | | | | | |
| CFC-Health Grant- Rural Health And Wellness Centres | 0 | 325596 | 325596 | 133254 | 192342 |

ഹെൽത്ത് ഗ്രാന്റിന്റെ ആവശ്യത്തിനായി കനറാ ബാങ്കിൽ രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. ആയവയിലെ നീക്കിയിരിപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

സ.ഉ(സാധാ)നം.2156/2022/തസ്വഭവ തിയതി 1-9-2022 പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച Support For Diagnostic Infra Structure ഗ്രാന്റ് 9.2 ലക്ഷം രൂപയാണെങ്കിലും ലഭ്യമായത് 187641 രൂപ മാത്രമാണ്.

മേൽ വിഷയത്തിൽ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 4(2)/19-8-2023 നുള്ള മറുപടിയിൽ മാർച്ച് മാസത്തിൽ സമർപ്പിച്ച രണ്ട് ബില്ലുകൾ മാറാതിരുന്നതിനാലാണ് ചെലവ് ശതമാനം കുറഞ്ഞതെന്നും തുടർന്ന് പരമാവധി തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രത്യേക ആവശ്യത്തിനായി ലഭ്യമാകുന്ന ഗ്രാന്റ് പരമാവധി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനായി ഹെൽത്ത് ഗ്രാന്റ് വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

## 1-29 ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

പ്രൊ.നം. 8/23-ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ
അടങ്കൽ - 300000 രൂപ (MG-Non Road)
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)
ചെലവ് - 300000 രൂപ (ബിൽ നം. 23-12-2022)

ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി 3 ലക്ഷം രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (HOMCO) അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. അക്കൗണ്ട് നം. 34306403911

HOMCO യുടെ 15-5-2023 ലെ HCO/SA/703/23 നം. കത്ത് പ്രകാരം 30-12-2022 ന് തുക ലഭ്യമായതായും എഗ്രിമെന്റ് കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നതായും സൂചിപ്പിച്ചിട്ടുണ്ട്.

എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള തിയതി 5-5-2023 എന്നാണ്. തുക ലഭ്യമായി 4 മാസങ്ങൾ കഴിഞ്ഞാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

ഇൻവോയ്സ് നം. LF-708/27-2-2023 പ്രകാരം 147732 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ആയവ സ്റ്റോക്കിലെടുത്തിട്ടുണ്ട്.

ബാക്കി 152268 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാനുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

എഗ്രിമെന്റ് ചമയ്ക്കുവാൻ കാലതാമസം ഉണ്ടായതിന്റെ സാഹചര്യം വിശദമാക്കേണ്ടതാണ്. ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ആശുപത്രിയിൽ ഒരു ദിവസം എത്തുന്ന രോഗികളുടെ ശരാശരി എണ്ണവും മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്നത് എപ്രകാരമാണ് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നത് എന്ന് അറിയിക്കുവാനായി നൽകിയഓഡിറ്റ് അന്വേഷണം നം.2/18-8-2023 ന് മറുപടി ലഭ്യമായില്ല.
മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2022-23 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-30-1 വൃദ്ധർക്ക് കട്ടിൽ- വാങ്ങിയ മുഴുവൻ കട്ടിലുകളും വിതരണം ചെയ്തില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് പ്രകാരം ഇ-ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സംസം ഇൻഡസ്ട്രീസ്, പിരായിരി എന്ന സ്ഥാപനത്തിൽ നിന്നും 293 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 15 കട്ടിലുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. / പേര് | 90/23- വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 9,00000 |
| ചെലവ് | 7,98425 |
| ബിൽ നം-തീയതി<br>ബിൽ നം-തീയതി | 16/03-12-23, 659450<br>20/25-3-23, 138975 |

താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം 293 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 25/01-12-22 | 100 | 2725 | 272500 |
| 2 | 28/10-12-22 | 48 | 2725 | 130800 |
| 3 | 30/24-12-22 | 94 | 2725 | 256150 |
| 4 | 45/24-03-23 | 51 | 2725 | 138975 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 278 കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടു. ബാക്കിയുള്ള 15 കട്ടിലുകൾ നാളിതുവരെയും വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/22-08-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം നടത്താത്ത 15 കട്ടിലുകൾ വിതരണം നടത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 40875 രൂപ (15* 2725) തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

ആവശ്യകത വിലയിരുത്തി മാത്രം കട്ടിലുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കട്ടിലുകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-30-2 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ അമൃതം ഫുഡ്സിന്റെ ബിൽ തുക അനുവദിച്ചു

അങ്കണവാടി അനുപൂരക പോഷകാഹാരം നൽകുന്നതിനായുള്ള പ്രോജക്ടുകൾ പ്രകാരം 29 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സ് ഉദയനന്ദം ഫുഡ്സ്, കണ്ണാടി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം അമൃതം ന്യൂട്രിമിക്സ്/ആരോഗ്യമിക്സിനായി 5% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഏതാനും ബില്ലുകളിൽ നിന്നും

ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(A/C No-0811261005847)

| പ്രോജക്ട് നം., പേര് | ബിൽ/ചെക്ക് നം./തീയതി | ഇൻവോയ്സ് നം./തീയതി | ജി.എസ്.ടി ഉൾപ്പെ ടാത്ത തുക (രൂപയിൽ) |
|---|---|---|---|
| 1. 9/23 അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ)<br>2. 10/23, അങ്കണവാടി അനുപൂരക പോഷകാഹാരം (Scp) | 4/26-08-22<br>302570- | 1057/08-07-22 | 93450 |
| | | 1393/08-08-22 | 97020 |
| | 5/26-08-22<br>150122- | 1058/<br>08-07-22 | 41580 |
| | | 1392/8-8-22 | 36960 |
| | 6/28-08-22<br>188784- | 1416/1-09-22 | 38010 |
| | | | |
| | 7/28-08-22<br>108222- | 1415/1-09-22 | 97650 |
| | 12/23-11-23<br>433783- | 1459/18-10-22 | 92610 |
| | | 1474/7-11-22 | 96600 |
| | 13/25-12-22<br>162199 | 1460/18-10-22 | 38850 |
| | | 1473/07-11-22 | 37380 |
| | 19/<br>25-03-23<br>703215 | 1511/16-12-22 | 93660 |
| | | 1532/16-01-23 | 95340 |
| | | 1556/13-02-23 | 94292 |
| | 23/31-03-23<br>241707- | 1512/16-12-22 | 38430 |
| | | 1533/16-01-23 | 38220 |
| | | 1557/13-02-23 | 37800 |
| | 27/31-03-23<br>1277888- | 1583/18-03-23 | 42875 |
| ആകെ | | | 11,10,727 |

2017 ലെ സി.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1), 2017 ലെ കെ.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1) എന്നിവ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TANന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്നും രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/23-8-23 ന് ലഭ്യാക്കിയ മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വിട്ടുപോയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാദ്ധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30-3 ICDS കേന്ദ്ര ഫണ്ട് നിഷ്ക്രിയമായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ആകെയുള്ള 29 അങ്കണവാടികളിൽ രണ്ട് അങ്കണവാടികൾ (സെന്റർ നം-109, സെന്റർ നം-113 ) നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.
വാർഷിക കണക്കിലെ ബി-4 ഷെഡ്യൂൾ പ്രകാരം ICDS കേന്ദ്ര വിഹിതമിനത്തിൽ 2756640 തുക നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/10/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

സെന്റർ നം.109 പാണിയത്തറ, സെന്റർ നം-113 വെള്ളനാറ എന്നീ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ കഴിഞ്ഞ മൂന്ന് വർഷമായി സുരക്ഷിതമല്ലാത്ത സ്ഥിതിയിലാണ്. ഈ രണ്ട് അങ്കണവാടികൾക്കും പഞ്ചായത്ത് അസി. എഞ്ചിനിയർ 'Unfit Certificate' ആണ് നൽകിയിരിക്കുന്നത്. അവശേഷിക്കുന്ന കേന്ദ്ര ഫണ്ട് പ്രസ്തുത അങ്കണവാടികെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 23/23-8-23 ന് മറുപടി ലഭ്യമായില്ല.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പദ്ധതിയിലുൾപ്പെട്ട ഒരു ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ലെന്ന് കണ്ടെത്തി. രണ്ട് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി ഗുണഭോക്താവ് തുക കൈപ്പറ്റിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്റ്റ് | 169/23 | |
| അടങ്കൽ | 200000 | |
| ചെലവ് | 100000 | |
| നിർവ്വഹണം | അസി. സെക്രട്ടറി | |
| ബിൽ നം/തീയതി | 218/29-12-22 | 50000 |
| | 479/25-02-2023 | 50000 |

പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താവിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കി തുക |
|---|---|---|---|
| 1 | ജ്ഞാനശേഖരൻ (A/c.No.67311065980) | 50000, 29-12-2022<br>50000, 25-02-23 | 100000 |

മേൽ ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 15/22-8-23 ന് മറുപടി ലഭ്യമായില്ല.

ഭവനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-32 പി.എം.എ.വൈ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് നം.79/23, പി എം എ വൈ- ബ്ലോക്കിനു തുക കൈമാറൽ ( ജനറൽ) | | പ്രോജക്ട് നം. 81/23, പി എം എ വൈ- ബ്ലോക്കിനു തുക കൈമാറൽ (Scp) | |
|---|---|---|---|
| അടങ്കൽ | 1260000/- | അടങ്കൽ | 9,90000 |
| ചെലവ് | 1260000/- | ചെലവ് | 9,90000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

പി.എം.എ.വൈ പദ്ധതിയിലൂടെ ഭവന രഹിതർക്ക് ഭവനം നിർമ്മിക്കുന്നതിനു വേണ്ടി പഞ്ചായത്ത് വിഹിതമായ മേൽ തുകകൾ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (79901140000002890) കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 8/21-8-23 ന് മറുപടി ലഭ്യമാക്കിയില്ല.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ബാക്കി തുക ഉണ്ടെങ്കിൽ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

1-33 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിച്ചില്ല

1) വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

| പ്രോജക്ട് | 33/23-ലൈഫ് ഭവനം (എസ് സി പി) |
|---|---|
| അടങ്കൽ | 1,4300000/- |
| ചെലവ് | 1,1080000/- |

ലൈഫ് എസ് സി അഡീഷണൽ - ഭൂമിയുള്ള ഭവന രഹിതർ ലിസ്റ്റിൽ എഗ്രിമെന്റ് ചമച്ച 52 ഗുണഭോക്താക്കളിൽ 34 പേരും വീട്ടു പണി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | ബിൽ നമ്പർ/ തീയ്യതി | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | മീനാക്ഷി കുട്ടൻ വാർഡ്-12 | 42/21, 17-02-22<br>2/22, 23-05-22<br>15/22, 21-10-22 | 40000<br>160000<br>100000 | 100000 |
| 2 | കണ്ടൻ കാളി, വാർഡ്-17 | 27/21, 14-12-21<br>41/21, 17-02-22<br>02/22, 23-05-22<br>6/22, 16-06-22 | 40000<br>160000<br>100000<br>60000 | 40000 |
| 3 | സുമതി | 02/22, 23-05-22 | 40000 | 3,60000 |

| | | | | |
|---|---|---|---|---|
| | വാർഡ്-15 | | | |
| 4 | വസന്ത<br>വാർഡ്-15 | 17/21,<br>17-11-21<br>41/21,<br>17-02-22<br>50/21,<br>17-03-22<br>02/22,<br>23-05-22 | 40000<br>160000<br>100000<br>60000 | 40000 |
| 5 | ലക്ഷ്മി<br>വാർഡ്-5 | 06/22,<br>16-06-22 | 40000 | 3,60000 |
| 6 | സുചിത,<br>വാർഡ്-11 | 02/22,<br>23-05-22 | 40000 | 3,60000 |
| 7 | കമലം<br>വാർഡ്-4 | 50/21,<br>17-03-22<br>05/22,<br>09-06-22<br>12/22,<br>19-10-22 | 40000<br>160000<br>100000 | 100000 |
| 8 | സുശീല<br>വാർഡ്-15 | 15/21,<br>29-10-21<br>29/21,<br>27-12-21<br>42/21,<br>17-02-22 | 40000<br>160000<br>100000 | 100000 |
| 9 | നിഷ<br>വാർഡ്-11 | 15/21,<br>29-10-21<br>29/21,<br>27-12-21<br>42/21,<br>17-02-22<br>48/21,<br>10-03-22 | 40000<br>160000<br>100000<br>60000 | 40000 |
| 10 | ചിന്നു<br>വാർഡ്-17 | 42/21,<br>17-02-22<br>08/22,<br>24-06-22<br>31/23,<br>21-03-23 | 40000<br>160000<br>100000 | 100000 |
| 11 | മിനി,<br>വാർഡ്-17 | 15/21,<br>29-10-21<br>42/21,<br>17-02-22<br>02/22,<br>23-05-22 | 40000<br>160000<br>100000 | 100000 |
| 12 | വിനീത<br>വാർഡ്-4 | 42/21,<br>17-02-22<br>02/22,<br>23-05-22<br>15/21, | 40000<br>160000<br>100000<br>60000 | 40000 |

| | | | | |
|---|---|---|---|---|
| | | 29-10-21<br>34/22,<br>31-03-23 | | |
| 13 | ഭുവനേശ്വരി<br>വാർഡ്-16 | 29/21,<br>27-12-21<br>48/21,<br>10-03-22<br>02/22,<br>23-05-22<br>05/22,<br>09-06-22 | 40000<br>160000<br>100000<br>60000 | 40000 |
| 14 | മണി, വാർഡ്-16 | 17/21,<br>17-11-21<br>10/22,<br>15-07-22<br>21/22,<br>19-12-22<br>31/22,<br>21-03-23 | 40000<br>160000<br>100000<br>60000 | 40000 |
| 15 | തങ്ക സുബ്രമണ്യൻ<br>വാർഡ്-17 | 51/21,<br>17-03-22<br>05/22,<br>09-06-22<br>16/22,<br>21-10-211<br>21/22,<br>19-12-22 | 40000<br>160000<br>100000<br>60000 | 40000 |
| 16 | സുമതി,<br>വാർഡ്-17 | 42/21,<br>17-02-22<br>02/22,<br>23-05-22<br>08/22,<br>24-06-22<br>21/22,<br>19-12-22 | 40000<br>160000<br>100000<br>60000 | 40000 |
| 17 | ജിഷ, വാർഡ്-3 | 42/21,<br>17-02-22<br>02/22,<br>23-05-22<br>21/22,<br>19-12-22<br>26/22,<br>21-03-23 | 40000<br>160000<br>100000<br>60000 | 40000 |
| 18 | ലീന, വാർഡ്-4 | 42/21,<br>17-02-22<br>02/22,<br>23-05-22<br>12/22,<br>19-10-22<br>26/22,<br>21-03-23 | 40000<br>160000<br>100000<br>60000 | 40000 |

2) ലൈഫ് രണ്ടാം ഘട്ടം ഭൂമിയുള്ള ഭവന രഹിതർ ലിസ്റ്റിൽ എഗ്രിമെന്റ് ചമച്ച 165 ഗുണഭോക്താക്കളിൽ 162 പേരും വീടുപണി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കുവാനുള്ള മൂന്ന പേരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | ബിൽ നമ്പർ/ തീയ്യതി | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | ബേബി, വാർഡ്-2 | 1/20, 30-06-20<br>Chq-no-931541, 23-10-20<br>Chq-no-5153774, 06-01-21<br>44/21 , 22-02-22 | 40000<br>160000<br>60000<br>50000 | 90000 |
| 2 | വിജയ ലക്ഷ്മി, വാർഡ്-15 | 10-06-19<br>Chq No-744980, 11-11-2019<br>Chq No-2848558, 30-06-20<br>1/20, 30-06-20 | 40000<br>160000<br>60000<br>40000 | 100000 |
| 3 | സിന്ധു, വാർഡ്-3 | Chq No-2655789, 15-10-18 | 40000 | 360000 |

3) ലൈഫ് മൂന്നാം ഘട്ടം ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ എഗ്രിമെന്റ് ചമച്ച 24 ഗുണഭോക്താക്കളിൽ 22 പേരും വീട്ടു പണി പൂർത്തീകരിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | ബിൽ നമ്പർ/ തീയ്യതി | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | ശാന്തി, വാർഡ്-11 | 4/22, 09-06-22 | 40000 | 360000 |
| 2 | അമ്മു, വാർഡ്-18 | 10/21, 07-10-21<br>32/21, 10-01-22<br>52-21, 21-03-22<br>4/22, 09-06-22 | 40000<br>160000<br>100000<br>40000 | 60000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 8/21-8-23 ന് മറുപടി ലഭ്യമായില്ല.

വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മാറ്റിയില്ല

ടെണ്ടർ ഫോറങ്ങളുടെ വിലയായി ഈടാക്കുന്ന തുക അസി.എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ, കൊല്ലങ്കോട് ശാഖയിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. അക്കൗണ്ടിൽ നിലവിൽ 358466 രൂപ നീക്കിയിരിപ്പുള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

അക്കൗണ്ട് നം. 37335251973

തുക ഗ്രാമപഞ്ചായത്തിന് കൈമാറാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21(1)/23-8-2023 ന് തുക ഉടൻ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-35 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണം ഉറപ്പാക്കിയില്ല

പ്രൊ.നം.65/23-റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ
അടങ്കൽ - 54000 (വികസന ഫണ്ട് - ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പഞ്ചായത്ത് തീരുമാനം 4(2)/4-1-2022 അനുസരിച്ചാണ് ശ്രീ.മുരളി എന്നയാളെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

ചെലവ് - 32400രൂപ (ബിൽ നം. 290/29-1-2022-Rs.18000, 62/31-3/2023-Rs.14400)

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി നാളിതുവരെ 32400 രൂപ ശ്രീ.മുരളി.എ, കൊല്ലങ്കോട് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.

അക്കൗണ്ട് നം.33178301716

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21(3)/23-8-2023 നുള്ള മറുപടിയിൽ മാപ്പ് തയ്യാറാക്കുന്ന നടപടികൾ തുടരുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 1-36 ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തികളുടെ നവീകരണത്തിനായി മെയ്റ്റനൻസ് ഗ്രാന്റ് വകമാറ്റി

ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയായ കമ്മ്യൂണിറ്റി ഹാൾ, ബിവറേജസ് കെട്ടിടം എന്നിവയുടെ നവീകരണത്തിനായി തൻവർഷം നോൺ റോഡ് മെയ്റ്റനൻസ് ഗ്രാന്റ് ചെലവഴിച്ചിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) ബസ് സ്റ്റാന്റ് കമ്മ്യൂണിറ്റി ഹാൾ

160/23-ബസ് സ്റ്റാന്റ് കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണി
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 550000 (MGNR)
എഗ്രിമെന്റ് നം. - 53/17-2-23
കരാറുകാരൻ - ശ്രീ.സുരേഷ്.ഐ
ചെലവ് 415740 രൂപ (പാർട്ട് ബിൽ നം. 45/21-3-2023) (
E-MB-79785/22

ബി) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റ് കെട്ടിടം

154/23-ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റ് കെട്ടിടം പെയ്ന്റിംഗ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
അടങ്കൽ - 165000(MGNR)
എഗ്രിമെന്റ് നം. - 38/24-12-22
കരാറുകാരൻ - M/s.Durolac, Angamali
ചെലവ് - 90456രൂപ (ബിൽ നം. 48/23-3-2023)
E-MB-79779/22

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുണ്ട് (767+767). 2.5 ലക്ഷത്തിനുമുകളിൽ കരാർ തുകയുള്ള ബില്ലുകളിൽ നിന്നാണ് ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടത് എന്ന് CGST/SGST Act, 2017 ലെ സെക്ഷൻ 51(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രൈസ്-3 സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുസരിച്ചുള്ള തുകയാണ് ഈടാക്കിയതെന്നും ആയത് നിയമത്തിനനുസൃതമല്ലാത്തതിനാൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നതാണെന്നും അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

മെയ്ന്റനൻസ് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരം തനത് ആസ്തികളുടെ നവീകരണത്തിനായി മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിക്കുവാൻ പാടുള്ളതല്ല. G.O.(Ms) No.118/2022/LSGD Dated 04-06-2022 പ്രകാരം പുറപ്പെടുവിച്ച മെയ്ന്റനൻസ് ഗ്രാന്റിന്റെ നെഗറ്റീവ് ലിസ്റ്റിലെ ക്രമ നം. 4 ൽ Maintenance Of Shopping Complexes, Bus Stands, Bus Bay, Etc. എന്നിവ ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ ഉത്തരവിന് ശേഷമാണ് മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

ഉത്തരവിലെ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21(4)/23-8-2023 ന് തുക വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രത്യേക ആവശ്യം മുൻനിർത്തി അനുവദിക്കുന്ന ഫണ്ടുകൾ വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ജി.എസ്.ടി നിയമത്തിലെ നിർദ്ദേശം കണക്കിലെടുത്ത് മാത്രം ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൈസ്-III സോഫ്റ്റ്‌വെയറിൽ 2.5 ലക്ഷം രൂപയിൽ കരാർ തുകയുള്ള ബില്ലുകളിലും ജി.എസ്.ടി ടി.ഡി.എസ് തുക രേഖപ്പെടുത്തുന്നത് ഉത്തരവാദപ്പെട്ടവരെ അറിയിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-37 സ്നേഹവീട്, ജിംനേഷ്യം എന്നിവയുടെ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത സംരംഭമായ വനിതാ ജിംനേഷ്യം എന്ന പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾക്കായി തൻവർഷം അഞ്ചാം വാർഡിൽ നിർമ്മിച്ചിട്ടുള്ള സ്നേഹവീട് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒന്നാം നിലയിൽ ഗ്രിൽ ഉപയോഗിച്ച് കവർ ചെയ്യുക, ഡ്രസിംഗ് റൂം ഒരുക്കുക, പെയ്ന്റിംഗ് എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നം.65/23 - സ്നേഹവീട് അധിക സൗകര്യം വർദ്ധിപ്പിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
അടങ്കൽ - 220000 (MGNR)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
കരാറുകാരൻ - ശ്രീ.അർജ്ജുനൻ.പി.എൻ
എഗ്രിമെന്റ് - 11/17-12-2022
ചെലവ് 179668 രൂപ (ബിൽ നം. 24/31-01-2023)
EMB – 79792/22

ജില്ലാ പഞ്ചായത്ത് മുൻവർഷത്തിൽ നിർമ്മിച്ച് നൽകിയ സ്നേഹവീട്, ജിംനേഷ്യം ഉപകരണങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന് ഔദ്യോഗികമായി കൈമാറിയതിന്റെ വിവരവും സ്നേഹവീടിന്റെയും ജിംനേഷ്യത്തിന്റെയും നിലവിലെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21(5)/23-8-2023 നുള്ള മറുപടിയിൽ സ്നേഹവീട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും പ്രവർത്തനക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ജിംനേഷ്യവും പ്രവർത്തനക്ഷമമല്ലെന്ന് അറിയിച്ചിട്ടുണ്ട്. സ്നേഹവീടും ജിംനേഷ്യവും പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

1-38 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അത്തരത്തിൽ രണ്ടു തവണ ദീർഘിപ്പിച്ചു നൽകാവുന്നതും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമല്ല. PWD മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധിക്കകം കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നൽകുകയോ അസി. എഞ്ചിനിയർ കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | PAC | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ (രൂപ) | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 47/23-തേക്കിൻചിറ ചീളക്കാട് റോഡ് അരികു സംരക്ഷണം<br>അടങ്കൽ - 400000 രൂപ<br>കരാറുകാരൻ - ശ്രീ.സുരേഷ്.ജെ<br>എഗ്രിമെന്റ് നം. - 78/31-03-2022 (ആറുമാസം)<br>ചെലവ് - 388426 (ബിൽ നം.23/12-01-2023)<br>അളവു പുസ്തകം - 486/21-22 | 357112 | 30-9-2022 | 19-12-2022 | 3289 | 10713 (3%) | 7424 |
| | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുവാനുള്ള കരാറുകാരന്റെ അപേക്ഷ അസ്സൽ കാലാവധിയും കഴിഞ്ഞാണ് ലഭ്യമായിട്ടുള്ളത്. കരാറുകാരന്റെ 26-9-2022 തിയതിയിലെ അപേക്ഷയിൽ അസുഖം ബാധിച്ച് കിടപ്പിലായതിനാൽ കാലാവധി നീട്ടിനൽകുവാൻ അപേക്ഷിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ഫൈൻ കൂടാതെ 15-11 2022 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കരാറുകാരന്റെ വ്യക്തിപരമായ കാരണത്താൽ കാലാവധി ദീർഘിപ്പിക്കുമ്പോൾ 1% ഫൈൻ ഈടാക്കേണ്ടതായിരുന്നു.<br>തുടർന്ന്, 10-11-2022 തിയതിയിലെ അപേക്ഷയിൽ അസുഖം ബാധിച്ച് കിടപ്പിലായതിനാൽ കാലാവധി നീട്ടി നൽകുവാൻ അപേക്ഷിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് 15-12-2022 വരെ പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ആദ്യ തവണ 1%, രണ്ടാം തവണ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതായിരുന്നു. | | | | | | |
| 2 | 57/23-MCF സെന്റർ പൂർത്തീകരണ പ്രവർത്തനങ്ങൾ (S.O)<br>അടങ്കൽ - 975000 (CFC)<br>കരാറുകാരൻ - ശ്രീ.രൂപേഷ് കുമാർ.എ<br>എഗ്രിമെന്റ് നം. 79/31-3-2022 (6 മാസം)<br>APAC - 815669<br>ചെലവ്- 662106 രൂപ (ബിൽ നം. 243/5-12-22 – Rs. 300740, 409/27-1-2023 – Rs. 361366)<br>അളവു പുസ്തകം നം. 267/20-21, 504/21-22 | 870505 | 30-9-2022 | 17-12-2022 | 5611 | 26115 | 20504 |
| | അസുഖം ബാധിച്ച് കിടപ്പിലായതിനാൽ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ 26-9-2022 ന് അപേക്ഷിച്ചതനുസരിച്ച് 45 ദിവസത്തേക്ക് (15-12-22) കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തുടർന്ന് ഇതേ കാരണം സൂചിപ്പിച്ചുകൊണ്ട് തിയതി രേഖപ്പെടുത്താത്ത മറ്റൊരു അപേക്ഷയും | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അവസാന ബിൽ തുകയിൽ നിന്നും പ്രവൃത്തി പൂർത്തീകരണം വൈകിയതിനുള്ള പിഴയായി 5611 രൂപ ഈടാക്കിയിട്ടുണ്ട്. പി.എ.സി യുടെ 3% പിഴ ഈടാക്കിയിട്ടില്ല. | | | | | | |
| 3 | പ്രൊ.നം.220/22- കല്ലേപ്പൊറ്റ റോഡ് റീ കോൺക്രീറ്റിംഗ് ആന്റ് സൈഡ് പ്രൊട്ടക്ഷൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ<br>അടങ്കൽ - 65000 (MG-Road)<br>കരാറുകാരൻ - ശ്രീ.രൂപേഷ് കുമാർ<br>എഗ്രിമെന്റ് നം.33/ 31-12-2021<br>അളവു പുസ്തകം നം.220/21-22<br>ചെലവ് - 515300രൂപ<br>(ബിൽ നം. 66/ 28-2-22-Rs.214505,<br>22/20-12-22- Rs.300795) | 580188 | 30-6-2022 | 05-12-2022 | 3054 | 17405 (3% Of PAC) | 14351 |
| | കാലാവധി ദീർഘിപ്പിക്കുന്നതിന് 30-6-2022 ന മുമ്പ് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. അസി.എഞ്ചിനിയർ 6-7-2022 (നം.48/AE/LSGD/KLGD /2022), 13-9-2022 (നം.79/AE/LSGD/KLGD/2022) തിയതികളിൽ കരാറുകാരന് അയച്ച കത്തുകളിൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള ഒരു ശ്രമവും കരാറുകാരന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ഏഴ് ദിവസത്തിനകം കാരണം ബോധിപ്പിക്കുവാനും ആവശ്യപ്പെട്ടിരുന്നു. വീഴ്ച വരുത്തുന്നപക്ഷം റീടെണ്ടർ ചെയ്യുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് കരാറുകാരൻ 24-09-2022 സമർപ്പിച്ച അപേക്ഷ കണക്കിലെടുത്ത് 15-12-2022 വരെ പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ചു നൽകിയെങ്കിലും മതിയായ പിഴ ഈടാക്കിയിട്ടില്ല. | | | | | | |

ആകെ – 42279 രൂപ

പിഴ ഈടാക്കിയതിലെ അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21(6),(7)/23-8-2023ന് മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-39 തേക്കിൻചിറ ചീളക്കാട് റോഡ് അരികു സംരക്ഷണം-എഗ്രിമെന്റ് ചമയ്ക്കൽ, സൈറ്റ് കൈമാറൽ- അപാകങ്ങൾ

പ്രൊ.നം. 47/23-തേക്കിൻചിറ ചീളക്കാട് റോഡ് അരികു സംരക്ഷണം

അടങ്കൽ - 400000 രൂപ

കരാറുകാരൻ - ശ്രീ.സുരേഷ്.ജെ

2-2-2022 ലെ പഞ്ചായത്ത് തീരുമാനം 4/1 പ്രകാരം പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

എഗ്രിമെന്റ് നം. - 78/31-03-2022 (ആറുമാസം)

PAC-357112

APAC- 356755

ചെലവ് - 388426 (ബിൽ നം.23/12-01-2023)

അളവു പുസ്തകം - 486/21-22

2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

മുൻകൂട്ടി ഈടാക്കേണ്ടിയിരുന്ന പിഴ അവസാന ബില്ലിൽ നിന്നുമാണ് കുറവു ചെയ്തിട്ടുള്ളതെന്ന് (3289 രൂപ) ബിൽ പരിശോധിച്ച് ബോധ്യപ്പെട്ടു.

1-2-2022 ന് സൈറ്റ് ഹാന്റ് ഓവർ ചെയ്തതായി അക്നോളേജ്മെന്റ് ഫോറത്തിൽ (അപ്പന്റിക്സ് XVI(a)) രേഖപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് ചമയ്ക്കുന്നതിനു മുമ്പുതന്നെ സൈറ്റ് ഹാന്റ് ഓവർ ചെയ്തത് ക്രമപ്രകാരമല്ല.

11-9-2022 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 19-12-2022 നാണ് പൂർത്തീ കരിച്ചിട്ടുള്ളത്.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21(6)/23-8-2023 ന് അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ PWD മാന്വലിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1-40 ടാർ ബാരലുകളുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ ബാരലുകളുടെ വിലയും ജി.എസ്.ടി യും തനത് ഫണ്ടിലേക്കാണ് മാറ്റിയിട്ടുള്ളത്. ബാരൽ ഒന്നിന് 281 രൂപ വീതം ഈടാക്കിയിട്ടുണ്ടെങ്കിലും ബാരലിന്റെ വിലയും ജി.എസ്.ടിയും വേറിട്ട് കാണിക്കാതെയാണ് തനത് ഫണ്ടിലേക്ക് തുക കൈമാറിയിട്ടുള്ളത്. 11 പ്രവൃത്തികളിലായി തൻവർഷം ആകെ 63223 രൂപ കൈമാറിയിട്ടുണ്ടെങ്കിലും ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 21(2)/23-8-2023 നുള്ള മറുപടിയിൽ തുക ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ടെന്നും ജി.എസ്.ടി ഒടുക്കേണ്ടത് ഗ്രാമപഞ്ചായത്ത് ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ബാധകമായ ജി.എസ്.ടി കേന്ദ്ര, സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 17-8-2023 മുതൽ 25-8-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | മുൻവർഷങ്ങളിലെ തുകകൾ | 290254 | പ്രോജക്ട് വിവരം ലഭ്യമല്ല | 0 | 290254 |
| | 2016-17 | 3203 | എയ്റോബിക് കംപോസ്റ്റ് | 0 | 3203 |
| | | 5600 | ODF | 0 | 5600 |
| | 201718 | 3918 | പാലിയേറ്റീവ് | 0 | 3918 |
| | 2019-20 | 888014 | ലൈഫ് | 0 | 888014 |
| | | 1479 | പാലിയേറ്റീവ് | 0 | 1479 |
| | | 518 | കട്ടിൽ | 0 | 518 |
| | 2022-23 | 611497 | ഉഴവുകൂലി-വനിത | 611497 | 0 |
| | | 1143152 | ഉഴവുകൂലി | 1143152 | 0 |
| | | 35865 | പാലിയേറ്റീവ് | 35865 | |
| | | 5680000 | ലൈഫ്-SCP | 5680000 | 0 |
| | | 479000 | ലൈഫ്-General | 479000 | 0 |
| | | 281300 | സ്കോളർഷിപ്പ് | 281300 | 0 |
| | | 110000 | പാൽ സബ്സിഡി | 110000 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | മുൻവർഷങ്ങളിലെ തുകകൾ | 1703352 | പ്രോജക്ട് വിവരം ലഭ്യമല്ല | 0 | 1703352 |
| | 2018-19 | 812833 | ലൈഫ് ഭവനം | 812833 | 0 |
| | 2019-20 | 1390519 | ലൈഫ് ഭവനം-ജനറൽ | 1373019 | 17500 |
| | 2022-23 | 1203823 | ഉഴവുകൂലി-വനിത | 1203823 | 0 |
| | | 2290623 | ഉഴവുകൂലി | 2290623 | 0 |
| | | 35000 | പാലിന് സബ്സിഡി- | 35000 | 0 |

| | | | | |
|---|---|---|---|---|
| | | SCP | | |
| | 37000 | പാലിന് സബ്സിഡി | 37000 | 0 |

വർഷങ്ങളായി നിഷ്ക്രിയമായി കിടക്കുന്ന തുകകൾ തിരിച്ചടവാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 14/23-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22200812/11.02.23 | 376104 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 22902717 | 0 | 22902717 | 4060722 (*) | 0 | 18841995 |

(*) നാല് ജി.ഒ പ്രോജക്ടുകൾ പ്രകാരമുള്ള തുക

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 69176/- രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം./ തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 1996-97 | 33 | 1102 | 1220107623/ 11-1-23 | ശ്രീ.അർജ്ജുനൻ |
| 1998-99 | 44 | 201 | 1220106508/ 19-11-22 | ശ്രീ.ഗുരുവായൂരപ്പൻ |
| 2020-21 | 2(1) | 3493 | 1220104209/ 23-8-22 | ട്രേഡർമാർ-തൊഴിൽ നികുതി |

| | | | | |
|---|---|---|---|---|
| 2021-22 | 1-13 (3) | 13250 | 12220106750 29-11-2022 | സുരേന്ദ്രൻ ലൈസൻസ് |
| 2021-22 | 1-13 (3) | 3490 | 1220106758 29-11-2022 | കുരിയൻ |
| 2021-22 | 1-14 (1) | 4200 | 1220107817 28-01-2023 | ട്രേഡർമാർ- തൊഴിൽ നികുതി |
| 2021-22 | 1-14 (2) | 4200 | 1220107818 28-01-2023 | ട്രേഡർമാർ- തൊഴിൽ നികുതി |
| 2013-14, 2014-15 | 2-3 | 20160 | 1220108569 03-03-2023 | പ്രിൻസിപ്പാൾ ശ്രീനാരായണ സ്കൂൾ തൊഴിൽ നികുതി |
| 2013-14, 2014-15 | 2-3 | 19080 | 1220108864 16-03-2023 | പ്രിൻസിപ്പാൾ സെന്റ്പ്പോൾസ് സ്കൂൾ |
| ആകെ | | 69176 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2015-16 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2015-16 | 3.7 | പട്ടികജാതി, പട്ടികവർഗ്ഗ ക്കാർക്കുള്ള പദ്ധതികൾ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 48237283 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 45816833 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | |
|---|---|
| ഭാഗം-1 പ്രകാരമുള്ള നഷ്ടം | 42279 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40875 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30-1 | 40875 | ശ്രീമതി.സിമി.എം.ടി, ഐ സി ഡി എസ് സൂപ്പർവൈസർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38(1) | 7424 | ശ്രീമതി.ടിന്റു.എൻ.പി, അസി.എഞ്ചിനിയർ |
| 1-38(2) | 20504 | ശ്രീമതി.ടിന്റു.എൻ.പി, അസി.എഞ്ചിനിയർ |
| 1-38(3) | 14351 | ശ്രീമതി.ടിന്റു.എൻ.പി, അസി.എഞ്ചിനിയർ |
| ആകെ | 42279 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിമി. എം.ടി, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് | ഇളയൻകാട് ഹൗസ്, പെരുവെമ്പ്, പാലക്കാട് |
| ശ്രീമതി.ടിന്റു. എൻ.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് | കുന്നമ്പത്ത് ഹൗസ് പാണ്ടികാവ് (പി.ഒ) ചേറൂർ, തൃശ്ശൂർ-680008 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 9 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 4 |
| 1998-99 | എൽ.എഫ്.പി19/1543/07 തിയതി 12-10-2011 | 10 |
| 1999-2000 | എൽ.എഫ്.പി9/990/07 തിയതി 29-02-2008 | 7 |
| 2000-2001 | എൽ.എഫ്.പി9/991/07 തിയതി 8-01-2008 | 7 |
| 2001-2002 | എൽ.എഫ്.പി9/992/07 തിയതി 8-01-2008 | 7 |
| 2002-2003 | എൽ.എഫ്.പി6/202/08 തിയതി 19.9.10 | 5 |
| 2003-2004 | എൽ.എഫ്.പി6/342/08 തിയതി 6.9.10 | 12 |
| 2004-2005 | എൽ.എഫ്.പി6/77/08 തിയതി 2.9.10 | 1 |
| 2005-2006 | എൽ.എഫ്.പി8/1278/11 തിയതി 16.12.11 | 6 |
| 2006-2007 | എൽ.എഫ്.പി8/1279/11 തിയതി 10.11.11 | 8 |
| 2007-2008 | എൽ.എഫ്.പി8/2208/12 തിയതി 5.2.13 | 6 |
| 2008-2009 | എൽ.എഫ്.പി8/1677/12 തിയതി 31.12.12 | 8 |
| 2009-2010 & 2010-2011 | എൽ.എഫ്.പി8/1006/13 തിയതി17.3.2014 | 7 |
| 2011-2012 | എൽ.എഫ്.പി8/1949/14 തിയതി 4.2.15 | - |
| 2012-13 | എൽ.എഫ്.പി19/464/15 തിയതി 13.4.15 | 4 |
| 2013-14 & 2014-15 | കെ.എസ്.എ - പികെഡി8/335/ 2016/ 7.4.16 | 5 |
| 2015-16 | കെ.എസ്.എ - പികെഡി19/2293 /2016/ 28.12.16 | 1 |
| 2016-17 | കെ.എസ്.എ - പികെഡി19/1816 /2017/ 23.10.17 | 9 |
| 2017-18 | കെ.എസ്.എ - പികെഡി19/1887/18/ 19-9-2018 | 25 |
| 2018-19 | കെ.എസ്.എ-പികെഡി-19/1518 /2019/ 13.1.20 | 15 |
| 2019-20 | കെ.എസ്.എ - പികെഡി-19/461/21/ 16-4-2021 | 25 |
| 2020-21 | കെ.എസ്.എ – പികെഡി-19/1167/21/ 07.10.2021 | 43 |
| 2021-22 | KSA- PKD-19/1979/2022/29-11-22 | 24 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-07-2023 and submitted on 21-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kollengode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kollengode Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Kollengode Grama Panchayat for the Year 2022-2023.

**1.Major Observations**

1. Asset register not proerly maintained and linked with ILGMS. Hence the accuracy of asset and liability figures shown in balance sheet could not be ascertained.

**2.Other Observations**

1. The mandatory financial statements such as Ratios and Notes to accounts prescribed in the accounting rules are not submitted for Audit.

2. Yearly abstract not prepared and certified by Secretary in demand Register of Entertaintment Tax, Profession Tax, Rent and reconciled with AFS.

3.As per cash flow statement "Net increase/decrease in cash and cash equivalentsâÂÂ of 2022-23 is Rs. 2420450. But in the same statement "Net cash generated by Operating+Investing+Financing ActivityâÂÂ is shown as Rs.13711744. Eventhough the figures should match, difference is not adjusted.

4.Journal entries not done intime for the items required accrual entry.

Eg. property tax receivables, Profession Tax Employees

5.Eventhough Tax amounts are shown under sundry debtors, necessary provisions in balance sheet (B10) is not given.

6.Balance amount of Block share and District Panchayath share received for Joint Venture projects are shown in Balance Sheet Schedule B4. But the same cannot be separately seen in bank account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ

1.

| | | | |
|---|---|---|---|
| Kollengode Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15775234.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2247592.00 |
| 130000000 | Rental income from Panchayat Properties | RP-3 | 36450.00 |
| 140000000 | Fees & User Charges | RP-4 | 723718.00 |
| 150000000 | Sale & Hire Charges | RP-5 | 130514.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14810000.00 |
| 171000000 | Interest Earned | RP-9 | 25597.00 |
| 190000000 | Prior Period Income | RP-11 | 193610.00 |
| 210000000 | Establishment Expenses | RP-12 | 50.00 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17392337.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11200276.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 75141.00 |
| 340000000 | Deposits Received | RP-33 | 473583.00 |
| 350000000 | Other Liabilities | RP-35 | 928415.00 |
| | Grand total | | 128025034.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 24070.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1829.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 1000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3486886.00 |
| 460000000 | Loans, Advances and Deposits | RP-49 | 1229633.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 282935.00 |
| 350000000 | Other Liabilities | RP-35 | 40790480.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18195684.00 |
| Cash | RP-40(b) | 0.0 | |
| | Grand Total | 128025034.00 | |

2.

| | | | |
|---|---|---|---|
| Kollengode Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7626375.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1532960.00 |
| 140000000 | Fee & User Charges | I-4 | 1163750.00 |
| 150000000 | Sale & Hire Charges | I-5 | 130514.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177010005.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 25597.00 |
| 180000000 | Other Income | I-9 | 75141.00 |
| 190000000 | Prior Period Income | I-19 | 109638.00 |
| | Total Income | | 375128684.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 17193559.00 |
| 220000000 | Administrative Expenses | I-11 | 1609597.00 |
| 230000000 | Operations & Maintenance | I-12 | 3581654.00 |
| 240000000 | Interest & Finance Charges | I-13 | 94945.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16368627.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 44188713.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 15782094.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 30839081.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 53933400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 513841.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 368211022.00 |
| | Gross Surplus / Deficit of income over Expenditure | | 6917662.00 |
| | Gross Surplus / Deficit of income over Expenditure | | 7027300.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 109638.00 |

3.

Kollengode Grama Panchayat BALANCE SHEET as on 31.03.2023

| As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14533005.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 109505428.00 |
| | Total Reserve & Surplus | | 248076866.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13957945.00 |
| | Total Grants, Contributions for Specific Purposes | | 27915890.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18841995.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 37683990.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2022866.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1812996.65 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 7671725.30 |
| | TOTAL LIABILITIES | | 321348472.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 251423.00 |
| 412000000 | Capital Work in Progress | B-11(b) | 10131633.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1005516.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 25962048.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 78588751.00 |
| 416000000 | Accumulated Depreciation | B-11(a) | 0.0 |
| | Total Fixed Assets | | 231878742.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

421000000

| | | | |
|---|---|---|---|
| Investments - Other Funds / Sundry | B-13 | 0.0 | |

| | | | |
|---|---|---|---|
| Debtors | | | |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 757881.00 |
| 431000000 | Sundry Debtors (Receivables) | B-15 | 4902933.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 18781995.00 |
| 450000000 | Cash and Bank Balance | B-17 | 18195684.00 |
| 460000000 | Loans, Advances and Deposits | B-18 | 2096372.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 89469730.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 321348472.00 |

Deputy Director